# ആത്മാവിന്റെ രാഗം

(പി. യു. വത്സലകുമാരി II B. Sc.)

ഉമ്മറത്തെ തിണ്ണയിലിരുന്ന് നട്ടുച്ച വെയിലത്തേയ്ക്ക് കണ്ണയച്ചിരുന്നപ്പോൾ ഒന്നുറങ്ങാൻ തോന്നി. തട്ടിൻപുറത്തേയ്ക്കു കയറുമ്പോൾ ഒച്ച കേൾപ്പിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. ഇളകി നിന്നിരുന്ന ഒരു പടിയിൽ ചവിട്ടിയപ്പോൾ വല്ലാത്തൊരു ശബ്ദമുണ്ടായി. നാശം! കോണിച്ചുവട്ടിൽ കിടന്നുറങ്ങുന്ന മുത്തശ്ശി ഉണർന്ന് വിളിക്കാൻ തുടങ്ങും.

"ആരാ മോളിൽക്ക് കയറണ്?"

മനസ്സിൽ പിറുപിറുത്തുകൊണ്ട് പതുക്കെ മുകളിലെത്തി. വരാന്തയിൽ കിടന്നൊന്നുറങ്ങാമെന്നുവെച്ചാൽ ആരെങ്കിലും വന്നന്വേഷിക്കാതിരിക്കില്ല.

"അപ്പു എവിട്യാ കെടന്നൊറങ്ങണ്? നേരം ശ്ശി ആയില്ല്യേ? ഇന്യെപ്പളാതേവ്ണ്?"

ആ പതിവു പല്ലവിയെ കുറിച്ചോർത്തപ്പോൾ ഇടുങ്ങിയ രണ്ടാം തട്ടിലേയ്ക്കുള്ള കോണിപ്പടികൾ കയറിപ്പോയി. കൊളുത്തിട്ടിരുന്ന കോണിവാതിൽ തുറന്ന് മുകളിലെത്തിയപ്പോൾ വല്ലാത്ത വിങ്ങലനുഭവപ്പെട്ടു. കോണി വാതിലടച്ചുരമയിട്ടിട്ടേ മുറിയിലൊന്നു കണ്ണോടിക്കാൻ തോന്നിയുള്ളു.

ചാണകം മെഴുകിയ നിലം ഒട്ടുമുക്കാലും പൊട്ടിപ്പൊളിഞ്ഞിരിക്കുന്നു. നരച്ചീറുകളുടെ കാഷ്ഠം കൊണ്ട് നിലമാകെ വൃത്തികേടായിരിക്കുന്നു. വിട്ടത്തിലേയ്ക്ക് അറിയാതെ ഒന്നു നോക്കിയപ്പോഴാണ് വരിവരിയായി തൂങ്ങി നില്ക്കുന്നതു് കണ്ടതു്. മുക്കിൽ ചാരിവെച്ചിരുന്ന വടിയെടുത്ത് അടിച്ചോടിക്കാൻ നോക്കിയപ്പോൾ അതു് ദ്രവിച്ചുതുടങ്ങിയെന്ന് കണ്ടു. മുത്തച്ഛൻ മരിച്ചതിന്റെ ശേഷം തട്ടിൻപുറത്ത് കൊണ്ടുവെച്ചതാണ്. ആരും പിന്നെ ഒന്ന് തൊടുകപോലും ചെയ്തിട്ടുണ്ടാവില്ല.

"ചീ, ചീ" എന്ന് ശബ്ദമുണ്ടാക്കിക്കൊണ്ട് ചെവിക്കരികിലൂടെ അവലക്ഷ്യമില്ലാതെ പറന്നപ്പോൾ മനസ്സിൽ വെറുപ്പ് കുമിഞ്ഞുകൂടുകയായിരുന്നു. വടി മുക്കിലേക്കെറിഞ്ഞ് കിടക്കാൻ സ്ഥലമന്വേഷിക്കുന്നതിന്നിടക്ക് കിളിവാതിലിലൂടെ തൊടിയിലേക്കൊന്ന് കണ്ണയച്ചു. മീനച്ചൂടിൽ മഞ്ഞളിച്ചു നില്ക്കുന്ന തോട്ടത്തിൽ വീണുകിടക്കുന്ന കവുങ്ങിൻ പട്ടകൾ കണ്ടപ്പോൾ നോട്ടം പെട്ടെന്ന് പിൻവലിച്ചു.

മൂലയിൽ കൂട്ടിയിട്ടിരുന്ന പഴയ സാധനങ്ങളുടെ കൂട്ടത്തിൽനിന്ന് ഒന്നു രണ്ട് പഴയ പത്രമെടുത്ത് നിലത്തു വിരിച്ച് മലർന്നുകിടന്നു. നരച്ചീറുകൾ പിന്നേയും തൂങ്ങിനില്ക്കുന്നതു കണ്ടപ്പോൾ അരിശവും, സങ്കടവും ചേർന്ന സമ്മിശ്രഭാവമെന്തോ ഉണ്ടാവാൻ? കുമ്മായം അടർന്നുനില്ക്കുന്ന ചുമരിലേയ്ക്ക് തുറിച്ചുനോക്കിക്കൊണ്ട് ചെരിഞ്ഞുകിടന്നു. എത്രനേരം അങ്ങനെ കിടന്നുവെന്നറിഞ്ഞില്ല. അമ്മ താഴത്തുനിന്നു വിളിക്കുന്നതു് കേട്ടപ്പോഴാണ് പരിസരബോധം ഉണ്ടായതു്.

"അപ്പ്വാ! നീയെവട്യാ കെടന്നൊറങ്ങണ്? നേരം സന്ധ്യാവാറായി. ഇനി എപ്പളാ തേവണ്?"

വിളിച്ചു വിളിച്ചു തൊണ്ട പൊട്ടട്ടെ. ഒക്കെനും അപ്പുമാത്രം. തോട്ടം തേവണം, തിരിയ്ക്കണം, ഡന്നിനെ തേച്ചു കഴുകണം, വെള്ളം കാട്ടണം. എന്തിനും അപ്പുമാത്രേള്ളു. പതഞ്ഞുവന്ന അമർഷം കടിച്ചൊതുക്കി മിണ്ടാതെ കിടന്നു. ആരോ കോണിപ്പടി കയറി വരുന്ന ശബ്ദം കേട്ടു. അമ്മയായിരിക്കും.

"എവിട്യാണാവോ കാലൻ കൂർക്കം വലിച്ചൊറങ്ങണതു്"! അമ്മ പിറുപിറുത്തു കൊണ്ടിറങ്ങിപ്പോകുന്നതു കേട്ടു.

പരുപരുക്കൻ നിലത്തു കിടന്നതുകൊണ്ടായിരിക്കാം പുറം വേദനിക്കാൻ തുടങ്ങി. പതുക്കെ എഴുന്നേററ് പെയിൻറ് ഇളകി തുരുമ്പു പിടിച്ച

ഉടഞ്ഞിയിരുന്ന പെട്ടി കിളിവാതിലിന്നരികെ വലിച്ചിട്ട് അതിന്മേലിരുന്നു. സമയമാകുന്നതിനു മുമ്പുതന്നെ തന്റെ മനസ്സ് ഇരുമ്പുപിടിച്ചു നശിക്കാൻ തുടങ്ങിയിരിക്കുന്നു എന്ന പരമാർത്ഥം ഒരു ഞെട്ടലോടെ ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല.

പടിഞ്ഞാറെ മുറ്റത്തുകൂടി കോരൻ കന്നിനെ അഴിച്ചു തേവാൻ പോകുന്നതു് കണ്ടു.

“ചെറുമ്പ്രാൻ ഇവടെല്ല്യേ, ആവൊ?”

കോരൻ ആരൊടെന്നില്ലാതെ ചോദിക്കുന്നതു കേട്ടു. തോറാൻ മനസ്സിലില്ലെന്നു് വിളിച്ചു കൂവാൻ തോന്നി. ഈ വീട്ടിൽ തന്നെ ആർക്കും യാതൊരു വിലയുമില്ല. ഉണ്ടെങ്കിൽ മുറ്റമടിക്കുന്ന മുണ്ടിത്തള്ളക്കു മാത്രമാണുള്ളതു്. പറമ്പുകിടക്കുന്ന കവുങ്ങിൻതോട്ടം നനക്കാൻ രാവിലെ കന്നിനെ അഴിച്ചു തൊടിയിലേക്കിറങ്ങിയാൽ ഉച്ചയായിട്ടേ ഒന്നിരിക്കാൻ ഇട കിട്ടുകയുള്ളു.

ഉണങ്ങിയ പട്ടകൾ പെറുക്കിക്കൂട്ടാൻ വരുമ്പോഴും കവുങ്ങിൻ തടങ്ങളിലേക്കു് വെള്ളം തിരിക്കുന്ന തന്നെ കണ്ടാൽ തുടങ്ങും.

“അല്ലെങ്കി, ചെറുമ്പ്രാന്റെ ഒരു യോഗം നോക്കണെ! മൂത്ത തമ്പ്രാക്കളൊക്കെ പഠിച്ച് ഉദ്യോഗസ്ഥന്മാരായി. ചെറുമ്പ്രാൻ മാത്രം തേവാനും, കെളക്കാനും, ഇതിനൊക്കെ വേണെങ്കി ലൊരാളെ പണിക്കു് കൂട്ടിക്കൂടെ?”

തള്ളയുടെ സഹതാപം കാണുമ്പോഴും ദേഷ്യം ഇരട്ടിക്കയാണു് ചെയ്യാറു്.

“തള്ളേ! മിണ്ടാണ്ടവിട്ന്നു് പൊയ്ക്കോളു. ഓരോ പായ്യാരംകൊണ്ടു് വന്നിരിക്കണു.”

ഒന്നും മിണ്ടാതെ കൂനിക്കൂടി തിരിഞ്ഞുനടക്കുന്ന തള്ളയെ നോക്കിനില്ക്കുമ്പോഴും കണ്ണിൽ വെള്ളം പൊടിയാറില്ലേ? മുരടിച്ച മനസ്സിനു് ഇപ്പോഴും ചലനങ്ങളുണ്ടെന്ന പരമാർത്ഥം മനസ്സിലാക്കുമ്പോഴും നൈമിഷികമായ ആനന്ദം തോന്നാറുണ്ടു്. കൈക്കോട്ടു് പിടിക്കാനും, തോട്ടം നനക്കാനും അഭിമാനക്ഷതമുണ്ടായിട്ടില്ല. എല്ലാവരും പുച്ഛത്തോടെ നോക്കുന്നതാണു് സഹിക്കാൻ വയ്യാത്തതു്.

വല്യേട്ടന്റെ മകൻ, രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന രവിക്കുപോലും തന്നെ ഇത്തിരിയും ബഹുമാനമില്ല. ഒരിക്കൽ തേവി ഷീണിച്ചു് ഉമ്മറത്തിണ്ണയിൽ ഇരിക്കുമ്പോഴായിരുന്നു.

“ചെറുച്ഛാ! നിക്കയ്, ആ പ്ലാവിന്റെ പൊത്തിലുള്ള കുരുവ്യേ ഒന്നു പിടിച്ചുതരൂ....”

“രവിക്കുട്ടാ! ചെറുച്ഛനു് ഒട്ടും വയ്യാഞ്ഞിട്ടിരിക്കുല്ലേ? ഉച്ചതിരിഞ്ഞാ പിടിച്ചുതരാം. ട്ടോ!”

ചെക്കൻ കിടന്നു് ഒച്ചയിടാൻ തുടങ്ങി.

“ചെറുച്ഛനോടു് ഇപ്പൊ പിടിച്ചു തരാനാണു് പറഞ്ഞതു്. ഇല്ല്യെങ്കി ഞാൻ അച്ഛൻ വന്നാപ്പറഞ്ഞുകൊടുക്കും.”

ഒട്ടും സഹിക്കാൻ സാധിച്ചില്ല. കയ്യോങ്ങിക്കൊണ്ടലറി.

“പോടാ! എന്റെ മുമ്പീന്നു്. നെന്റച്ഛനോടു് പറ കുരുവ്യേ പിടിച്ചുതരാൻ. നെന്റെ വാല്യക്കാരനാ ഞാൻ?”

അതു് ധാരാളത്തിലധികമായിരുന്നു. ചെക്കൻ അലറി വിളിച്ചുകൊണ്ടകത്തേക്കോടി.

“അമ്മേ! ഈ ചെറുച്ഛൻ ബ്ട്ന്നു് തല്ല്യാ”.

ഒരു കൊടുങ്കാറ്റിന്റെ വേഗത്തിലായിരുന്നു ഏട്ടത്തിയമ്മ പുറത്തേക്കു് വന്നതു്.

“എന്താ! ബ്ടെ ആണുങ്ങളാരും ഇല്യാന്നു് കരുതിയിട്ടാണൊ എന്റെ കുട്ട്യേ തല്ലാനും, കൊല്ലാനും വരണതു്. അത്രക്കൊന്നും ആയിട്ടില്ല്യ. രവീടെ അച്ഛന്റെ ദയോണ്ടാ ചോറും ഉണ്ടു് നെരങ്ങണതു്. ബാക്കിള്ളോരു് അദ്ധ്വാനിച്ചു് കുടുംബത്തേക്കു് കൊണ്ടരാ. ചെല മന്ത്രിമാരു് മെനങ്ങാണ്ടെ പാറിത്തിന്നാ. ന്ട്ടു് മേക്കിട്ടും കേറാ.”

പേമാരി നിലച്ചപ്പോഴേ കണ്ണുയർത്തി. രവിയേയും വലിച്ചുകൊണ്ടു് ഏട്ടത്തിയമ്മ അകത്തേക്കു് പോകുന്നതു് കണ്ടു. ഉടൻതന്നെ അമ്മ ഉമ്മറത്തേക്കു് വന്നു.

“എടാ! കുടുംബത്തെ കാരണോരെ അനുസരിക്കാൻ പഠിക്കണം. ആ കുട്ടിയ്ക്കു് അയിനെ പിടിച്ചുകൊടുത്താലെന്താ നെന്റെ അന്തസ്സ് കൊറയ്യ്വാ? ഇവ്ടെ ചോറും ഉണ്ടു് നെരങ്ങണെങ്കില്ല് ഏട്ടത്തിയമ്മേം, രവീം ഒക്കെ പറേണതു് കേക്കണ്ടീരും. വല്യേട്ടൻ വരുമ്പളയ്ക്കു് അയിനെ പിടിച്ചു് കൊടുത്തോ. നെന്റെ മണ്ടേലെ വരനേര്യാവാത്തേനു് ഞങ്ങളോടു് തുള്ളിക്കളിച്ചാ ഗുണോ?”

അമ്മ കൂടി ശകാരിച്ചപ്പോൾ അറിയാതെ പഴപ്ലാവിന്റെ അടുത്തെത്തി. അതിൽ പൊത്തിപ്പിടിച്ച് കയറുമ്പോൾ ഒന്നും ഓർക്കാതിരിക്കാൻ ശ്രമിച്ചു. കുരുവിയെ രവിയുടെ കയ്യിൽ കൊടുത്ത് കുന്നിൻ ചരിവിലേയ്ക്ക് നടക്കുമ്പോൾ കാററമെല്ലാം തന്റേതാണെന്നു വിശ്വസിക്കാൻ നോക്കി. കൂററൻ പാലയുടെ അടിയിലെ മിനുത്ത കല്ലിലിരുന്ന് മരത്തിലേയ്ക്ക് ചാരി കണ്ണടച്ചപ്പോൾ വിയപ്പണിഞ്ഞ മാറിലേയ്ക്ക് രണ്ടിററ് കണ്ണീർ വീണുവോ?

വല്യേട്ടനും, ചന്ദ്രേട്ടനും ഹൈസ്ക്കൂളിലും, കോളേജിലും പോകാൻ പററി. അച്ഛൻ പഠിപ്പിയ്ക്കുവാനുണ്ടായിരുന്നുവല്ലൊ? തനിയ്ക്ക് പത്തു വയസ്സാകുന്നതിനുമുമ്പ് അച്ഛനെന്തിനെ മരിച്ചത്?

ക്ലാസ്സിൽ ഒന്നാമനായപ്പോൾ മാസ്റ്റർ പറഞ്ഞു: ''അപ്പു പഠിച്ച് പഠിച്ച് ഒരെഞ്ചിനീയറാകും. വലിയേട്ടനും, ചന്ദ്രേട്ടനുമുണ്ടല്ലൊ എത്രവേണെങ്കിലും പഠിപ്പിക്കാൻ.''

ഓർക്കുമ്പോൾക്കൂടി പൊട്ടിപ്പൊട്ടിച്ചിരിക്കാൻ തോന്നുന്നു. എല്ലാവരും ഉണ്ടായിരുന്നു. വല്യേട്ടൻ ഒരു വക്കീലായിട്ടും ചന്ദ്രേട്ടൻ സിലോണിൽ ഏതോ കമ്പനിമാനേജരായിട്ടും. എത്രയോ ഇളയതായ തന്നെ പഠിപ്പിക്കാൻ മാത്രം ആരും ഉണ്ടായില്ലെന്നു മാത്രം.

എട്ടാം തരത്തിലെ കൊല്ലപ്പരീക്ഷയിൽ പാസ്സായെന്നറിഞ്ഞപ്പോൾ തന്നെ ഹൈസ്ക്കൂളിൽ ചേക്കേണ്ട കാര്യം അമ്മ പറഞ്ഞു. അപ്പോൾ വല്യേട്ടൻ പറഞ്ഞതിനും മറക്കാൻ വയ്യ.

''ഇനിക്കത്രവല്യ പ്രാക്ടീസൊന്നും ഇല്ല. ഹൈസ്ക്കൂളിൽ ചേന്നാൽ പുസ്തകം, ഫീസ് ഇതൊക്കെ വേണ്ടിവരും. നിക്കന്നെ പ്രാരാബ്ധൊക്ക്യായി''

വല്യേട്ടന്റെ മൂത്തമകൻ ഹരി പിറന്നതായിരുന്നു പ്രാരബ്ധം പറച്ചിലിന്റെ കാരണം. വല്യേട്ടന്റെ കാശൊന്നും തന്നെ പഠിപ്പിക്കാൻ ആവശ്യമില്ലായിരുന്നെന്ന് ഇന്നു മനസ്സിലാക്കാൻ കഴിയുന്നുണ്ട്.

അമ്മ വീണ്ടും, വീണ്ടും പഠിപ്പിക്കാൻ പറയാത്തതെന്ത്യ. മണ്ടയിലെ വര നന്നാവാഞ്ഞിട്ടോ? ചന്ദ്രേട്ടനും, വല്യേട്ടനും വയ്യാത്ത ഭാരമൊന്നും തലയിലേററാൻ തയ്യാറില്ലായിരുന്നു.

''എല്ലാവരും പഠിച്ചിട്ടാണോ? ഈ തൊടിയും പാടവുമൊക്കെ നോക്കി നടത്താനൊരാളാവട്ടെ. ഞങ്ങൾക്കാണെങ്കിലതിനൊന്നും സൌകര്യണ്ടാവില്ല''.

തൊടിയും, പാടവും നോക്കി നടത്തിയ തന്റെ സ്ഥിതിയെ കുറിച്ചോർത്തപ്പോൾ അറിയാതെതന്നെ മന്ദഹസിച്ചുപോയി. തലേന്നു ബാപ്പുവിന്റെ പീടികയിൽനിന്ന് ചായ കുടിച്ചതിന്റെ പററ് തീക്കാൻ കഴിയാതിറങ്ങിപ്പോരണ്ടി വന്നതോർത്തു.

''അപ്പുമേൻന്നെ! കാശ്ന്ന് ഇത്തിരി തിടുക്കണ്ടായിരുന്നു. ഇപ്പൊ വല്ലതും കിട്ട്യാൽ വേണ്ടില്ല.''

അക്കൌണ്ട് ബുക്ക് തുറന്നുവെച്ചുകൊണ്ട് ബാപ്പു പറഞ്ഞപ്പോൾ ചൂളിപ്പോയി. പററ് കൊടുക്കാൻ വളരെ വളരെ വൈകിയിരിക്കുന്നു എന്ന പരമാത്ഥം മനഃപൂവ്വം വിസ്മരിച്ചിട്ടാണ്, വീണ്ടും അവിടെ ചായ കുടിക്കാൻ കയറിയത്. ജാള്യത മറച്ചുവെച്ചുകൊണ്ട് പറഞ്ഞു:

''കണക്കെത്ര്യാന്നുവെച്ചാ പറഞ്ഞോളൂ. നാളെ തീർക്കാം.''

വല്യേട്ടന്റെ കണക്കെഴുതിയതിന്റെ തൊട്ടടുത്തുതന്നെ എഴുതിയിരുന്ന തന്റെ പററ് കണ്ടപ്പോൾ ആശ്വാസം തോന്നി. എത്രയോ കുറവാണല്ലോ?

വൈകുന്നേരം ഏട്ടനോട് കാശ് ചോദിക്കുമ്പോൾ ഇത്രയൊന്നും പറയേണ്ടി വരുമെന്ന് കരുതിയിരുന്നില്ല. അടയ്ക്ക വിററിട്ട് അധികമൊന്നും ആയിട്ടില്ലെന്നറിയാമായിരുന്നു.

''ചോദിക്കുമ്പൊ, ചോദിക്കുമ്പൊ കാശ് തരാൻ ഇവിടെ പണം കായ്ക്കുണമരൊന്നുല്ല.''

അടക്കിവെച്ചിരുന്ന ക്രോധം കത്തിപ്പടന്നത് പെട്ടെന്നായിരുന്നു.

''പണം കായ്ക്കണ മരത്തിന്റെ വേണ്ട. അടയ്ക്ക വിററ കാശ്ന്ന് മതി.''

ശബ്ദം അല്പമുയന്നില്ലേ എന്നൊരു തോന്നൽ.

''എടാ! നെന്റെ തന്തടെ സമ്പാദ്യൊന്നും അല്ല. ഓ! ഒരു പ്രമാണി വന്നിരിക്കണ്. അവകാശോം കൊണ്ട് . . . .''

ഒരു നിമിഷത്തേയ്ക്ക് താൻ താനല്ലാതായിത്തീന്നു.

“വല്യേട്ടന്റെ തന്നെ സമ്പാദ്യം നേരം കൂട്ട്യാ. ഒരൊററ വാക്കിനി അനാവശ്യം പറഞ്ഞാൽ . . . .”

വല്യേട്ടൻ ഒന്ന് പകച്ചു പോയി. “ഹും....” ഉഗ്രമായൊന്നു മൂളിക്കൊണ്ട് അകത്തേയ്ക്ക് പോയി. മടങ്ങി വന്നത് നോട്ടുകളുമായിട്ടായിരുന്നു. അലക്ഷ്യമായി അവ മേശപ്പുറത്തിട്ട് തിരിഞ്ഞുനടക്കുന്നത് കാണാത്തഭാവത്തിൽ നിന്നു. നോട്ടുകളെടുത്ത് തിരിഞ്ഞു നടക്കുമ്പോൾ അത്ഭുതപ്പെട്ടു. തനിക്കെവിടെ നിന്നാണ് ഈ ധൈര്യമൊക്കെ ഉണ്ടായത്?

ബാപ്പുവിന്റെ പീടികയിൽനിന്ന് മടങ്ങിയപ്പോൾ താൻ ആരൊക്കെയോ ആയെന്നു തോന്നി. അന്ത്യാളൻകാവിന്റെ അടുത്തുകൂടി കുന്നിൻപുറത്തേയ്ക്ക് കയറിയത് ഒന്നു ചൂളം വിളിക്കാനായിരുന്നു.

ഊൺ വിളമ്പിത്തന്ന അമ്മയുടേയും, ഏട്ടത്തിയമ്മയുടേയും വിളർത്ത മുഖങ്ങൾ കണ്ടപ്പോൾ രസം തോന്നി.

മണ്ടയിലെ വര നന്നാവാത്തവൻ പണ്ടത്തെ കുട്ടിയല്ലെന്ന് മനസ്സിലായിട്ടായിരിക്കണം അമ്മ ഒന്നും മിണ്ടാതെ പോയത്.

കൊല്ലങ്ങളോളമായി നഷ്ടപ്പെട്ടിരുന്ന എന്തോ ഒന്ന് നേടിയെടുത്ത ആഹ്ലാദമായിരുന്നു മനസ്സ് മുഴുവൻ. പാടവും, തൊടിയും നോക്കി നടത്തുന്നവനും ആത്മാഭിമാനമുണ്ടെന്ന് മനസ്സിലാക്കിക്കൊടുക്കുകയായിരുന്നു. മനസ്സിലേല്പിക്കപ്പെട്ടിരുന്ന കടുത്ത ആഘാതങ്ങൾ അല്പംപോലും മായാതെ എക്കാലവും കൂട്ടിനുണ്ടായിരുന്നു.

ചന്ദ്രേട്ടനും, ശാന്തേടത്തിയും സിലോണിൽ നിന്ന് വരാറുള്ളപ്പോഴത്തെ കോലാഹലങ്ങൾ ഓർമ്മയിൽ തെന്നിത്തെന്നിയെത്തി. വല്യേട്ടനും, ഏട്ടത്തിയമ്മയ്ക്കും, അമ്മയ്ക്കും, കുട്ടികൾക്കുമെല്ലാം വില പിടിച്ച വസ്ത്രങ്ങൾ കൊണ്ടുവരാൻ ഒരിക്കലും മറന്നില്ല. തൊടിയും പാടവും നോക്കാനാക്കിയ അനിയനു് അർഹിക്കുന്ന അവഗണനയോടു കൂടിത്തന്നെ ഒന്നും കൊണ്ടുവരാതിരിക്കാനും മറന്നില്ല. മോഹങ്ങൾ പരിമിതങ്ങളായിരുന്നെങ്കിലും മനസ്സ് നിശ്ശബ്ദം കേണു. എല്ലാം സഹിക്കാനറിയാമായിരുന്നെങ്കിലും വ്യക്തിത്വത്തോട് കാണിച്ചിരുന്ന നിന്ദ പലപ്പോഴും സഹനശക്തിയുടെ പരിധിയിൽനിന്ന് വഴുതിപ്പോകുന്നത് നിസ്സഹായതയോടെ നോക്കിയിരുന്നു.

ഉദ്യോഗസ്ഥനല്ലാത്ത അനിയനോട് മിണ്ടാൻ തന്നെ പാടില്ലെന്ന് വർഷങ്ങൾക്ക് മുമ്പുതന്നെ മനസ്സിലാക്കിയിരുന്നു.

അമ്മ രണ്ടെന്ന് കണക്കാക്കരുതായിരുന്നു. കുററങ്ങൾ കണ്ടുപിടിച്ച് ഏട്ടത്തിയുടെ ശ്രദ്ധയിൽപ്പെടുത്താൻ അമ്മ കാണിച്ചിരുന്ന വ്യഗ്രത ഓർത്തപ്പോൾ സഹതാപം തോന്നി. സ്വന്തം നിലനില്പിനുവേണ്ടി കാട്ടിക്കൂട്ടുന്ന പരാക്രമങ്ങളെക്കുറിച്ച് സഹതപിക്കാനല്ലാതെ മറെറന്തു കഴിയും?

വെറുപ്പ് തന്നോടുതന്നെ ആയിരുന്നു. കാണാനാളില്ലെങ്കിൽ ആരോടമർഷം കാട്ടാനാണ്? ചില സന്ദർഭങ്ങളിൽ മരിക്കാൻപോലും തോന്നിയിട്ടുണ്ട്.

വല്യേട്ടന്റെ മകൻ ഹരി കൂട്ടുകാരോടപ്പം ഉമ്മറത്തിരിക്കയായിരുന്നു. തേക്കുകൊട്ട തോളിൽ വെച്ച് പടിഞ്ഞാറെ മുററത്തുകൂടി വന്നിരുന്ന തന്നെ ചൂണ്ടി ആരോ, എന്തോ ചോദിക്കുന്നതു കേട്ട്

“ഓ ഹി ഈസ് ഔവർ സെർവൻറ്”

ഹരിയുടെ ശബ്ദം കേട്ടപ്പോൾ കാലുകൾ ഒരു നിമിഷം ശങ്കിച്ചുനിന്നു. തലയുംകുമ്പിട്ട് ധൃതിയിൽ നടന്നപ്പോൾ സ്വയം മന്ത്രിച്ചു.

“എട്ടാംക്ലാസ്സുവരേ പഠിച്ചിട്ടുള്ളുവെങ്കിലും നിന്റെ ചെറ്യച്ഛന് ഇംഗ്ലീഷ് കേട്ടാലറിയും. പഠിപ്പിക്കാനാളുണ്ടായിരുന്നെങ്കിൽ പതിനായിരം കൊടുത്ത് മെഡിസിന് സീററ് വാങ്ങേണ്ട ഗതികേടൊന്നും വരില്ലായിരുന്നു.

വല്ലാത്ത വിഷമം തോന്നുമ്പോഴൊക്കെ അന്ത്യാളൻകാവിലെ പാലയുടെ ചുവട്ടിലാണെത്താറുള്ളത്. അവിടെയിരുന്നു ചുററുമുള്ള പുല്ലാനിപ്പൊന്തകളിലും, കുന്നിൻചരിവിലെ കവുങ്ങിൻ തോട്ടത്തിലും കണ്ണയക്കുമ്പോൾ എല്ലാം മറക്കാറുണ്ട്.

എല്ലാം ഇട്ടെറിഞ്ഞ് എങ്ങോട്ടെങ്കിലും പോകണമെന്നു പലപ്പോഴും തോന്നാഞ്ഞിട്ടില്ല. ഈ നാട്ടിൻപുറത്തെ പലതും ആത്മാവുമായി താദാത്മ്യം പ്രാപിച്ച് കഴിഞ്ഞിരിക്കുന്നു.

ഉണങ്ങിയ പട്ടകളും വീണുകിടക്കുന്ന, ഇളം പച്ചനിറമുള്ള കൂരടപ്പുകളും വീണുകിടക്കുന്ന നനഞ്ഞ കവുങ്ങിൻ തടങ്ങളുള്ള മണ്ണിനെ സ്നേഹിച്ചു പടർന്നുപന്തലിച്ചു. കൂറ്റൻ ശാഖകളുള്ള പാലമരത്തെയും, ഇടിഞ്ഞുപൊളിഞ്ഞ കൽവിളക്കിനെയും കാണാതെ എങ്ങനെ കഴിയും? രാത്രി ഉറങ്ങാൻ കിടക്കുമ്പോഴും സ്വപ്നമേഖലകളിൽനിന്നും ഉയർന്നു വരാറുള്ള ഉരുളിന്റെ താളാത്മകമായ ശബ്ദവും, തുമ്പിക്കൈയിൽനിന്നു് കുതിച്ചുചാടുന്ന വെള്ളത്തിന്റെ രാഗവും എങ്ങനെ വിസ്മരിക്കും?

ഒരു നിമിഷം കൂടി അതേയിരുപ്പിലിരുന്നു പിന്നെ, തിരക്കിട്ടു് പടികളിറങ്ങുകയായിരുന്നു. പിറുപിറുത്തുകൊണ്ടു് ചാരുപടിയിലിരുന്ന അമ്മയെ നോക്കിയില്ല. കയ്യാലയുടെ വളയിൽ തിരുകി വെച്ചിരുന്ന കൈക്കോട്ടെടുത്തു് ആരേയും ശ്രദ്ധിക്കാതെ തൊടിയിലേക്കു് നടന്നു. ധൃതിയിൽ വെള്ളം തെറിപ്പിച്ചുകൊണ്ടു് കവുങ്ങിൻ തടത്തിന്റെ അരികിലെത്തിയപ്പോഴും മനസ്സുനിറയെ വെളിച്ചമായിരുന്നു.

# ഇതാ ഒരു മനുഷ്യൻ

(കെ. എം. കുഞ്ഞുകൊച്ചു, I പി. ഡി. സി.)

ശില്പി വിസ്മരിക്കപ്പെട്ടാലും, ഒരു പക്ഷേ അയാളുടെ അനശ്വരമായ സൃഷ്ടി വിസ്മരിക്കപ്പെട്ടില്ലെന്നുവരാം. ലോകചരിത്രംതന്നെ അതിനു സാക്ഷിയാണു്. വിശ്വസുന്ദരമായ താജ്മഹലും, അംബരചുംബികളായ പിരമിഡുകളും ഇന്നും മനുഷ്യഹൃദയങ്ങളെ ഹഠാദാകർഷിച്ചുകൊണ്ടിരിക്കുകയാണു്. എന്നാൽ ദൗർഭാഗ്യമെന്നുപറയട്ടെ, അനശ്വരമായ ഒരു പ്രേമത്തിന്റെ പ്രതീകമായ താജിന്റെയും, അതിദാരുണമായ പല സംഭവങ്ങളുടെയും മൂകസാക്ഷികളായ പിരമിഡുകളുടേയും പിന്നണിയിലുള്ള വിദഗ്ധമായ കരങ്ങളെ നാം സ്മരിക്കുന്നുപോലുമില്ല.

ഒരുപക്ഷേ, ഒരു സാഹിത്യകാരനെ സംബന്ധിച്ചിടത്തോളം സ്ഥിതി ഇതിൽനിന്നും ഭിന്നമല്ല! പക്ഷേ അദ്ദേഹം ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുന്ന കലാസൂനം നിതാന്തസൗരഭ്യം പൊഴിച്ചുകൊണ്ടു്, അതീതമായ കാലത്തെ വെല്ലുവിളിച്ചുകൊണ്ടു് നിലനില്ക്കുമായിരിക്കാം. അദ്ദേഹം രംഗത്തവതരിപ്പിക്കുന്ന ഉജ്ജ്വലരായ കഥാപാത്രങ്ങൾ നൂററാണ്ടുകൾ കടന്നുപോയാലും സഹൃദയലോകത്തു് ജീവിച്ചുകൊണ്ടിരിക്കുമെന്നതു് സത്യമാണു്.

സാഹിത്യചരിത്രം ചികഞ്ഞുനോക്കിയാൽ ഇത്തരം ചില അപൂർവ്വ കഥാപാത്രങ്ങളെ നമുക്കു പരിചയപ്പെടുവാൻ സാധിക്കും. ചിലർ ധീരതയുടെ പ്രതീകങ്ങളാണെങ്കിൽ മററു ചിലർ ത്യാഗത്തിന്റെ സുരഭിലസുമങ്ങളാണു്. കേവലം സംശയത്തിനു് വശംവദനായി, തന്നെ ജീവനുതുല്യം സ്നേഹിച്ചിരുന്ന, തന്നിൽ പരിപൂർണ്ണമായി വിശ്വസിച്ചിരുന്ന ഒരു സതീരത്നത്തെ മൃഗീയമായി വധിച്ചതിനുശേഷം അവളുടെ നിഷ്കളങ്കതയെപ്പററി, പാതിവ്രത്യത്തെപ്പററി തികച്ചും ബോധവാനായപ്പോൾ, പശ്ചാത്താപഗ്രസ്തനായി ആത്മത്യാഗം ചെയ്ത "ധീരനായ ഒഥല്ലോ"വും, ഉണ്ടചോറിനോടുള്ള കടപ്പാടിനെ നിറവേററുവാൻ, സ്വസഹോദരന്മാരോടുപോലും പടപൊരുതി അടർക്കളത്തിൽ വീണ "കർണ്ണനും," മാന്യതയുടെ മൂടുപടം ധരിച്ച സമുദായത്താൽ കരചരണങ്ങൾ പരിച്ഛേദിക്കപ്പെട്ട ഒരുവൾക്കുവേണ്ടി അന്ത്യോപചാരം അർപ്പിച്ചു്, അപഥസഞ്ചാരിണിയെങ്കിലും തന്നിൽ സ്നേഹവും വിശ്വാസവും അർപ്പിച്ചിരുന്ന ആ ഗണികയുടെ ചിതാഭസ്മത്തിൽ ആമലകീഫലംപോലെ കണ്ണുനീർ പൊഴിച്ചുനിന്ന ആ "തഥാഗതശിഷ്യനും" സഹൃദയങ്ങളിൽ ഇന്നും ജീവിച്ചുകൊണ്ടിരിക്കുന്നു. എന്നുമെന്നും ജീവിക്കുകയും ചെയ്യും. കാലത്തിന്റെ കരാളഹസ്തങ്ങൾ ഷേക്സ്പിയറേയും, വേദവ്യാസനേയും, ആശാനേയും അപഹരിച്ചുകളഞ്ഞു. പക്ഷേ, ആ ഉജ്ജ്വലപ്രതിഭന്മാരുടെ ഉത്തമരായ കഥാപാത്രങ്ങളെ കാലത്തിനു് ഗ്രസിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. കഴിയുമെന്നു തോന്നുന്നുമില്ല!

ഇത്തരം ഒരു കഥാപാത്രത്തെയാണു് ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതു്. നിഷ്കലസ്നേഹത്തിന്റെ മൂർത്തിമദ്ഭാവമായ, ആത്മത്യാഗത്തിന്റെ പ്രതീകമായ 'സിഡ്നികാർട്ട'നാണു് ആ വ്യക്തി (ഇതിനകം ഈ മനുഷ്യനെ പരിചയപ്പെട്ടിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുക.)

ആംഗലസാഹിത്യസാമ്രാജ്യത്തിലെ പ്രശോഭിതമായ ഒരു വെള്ളിനക്ഷത്രമത്രേ 'ചാൾസ്ഡിക്കൻസ്'. തിരക്കുപിടിച്ച ജീവിതവ്യവസ്ഥിതിയിൽപ്പെട്ടു് വീർപ്പുമുട്ടുന്ന ഒരു പിടി മനുഷ്യജീവികളെ ആ മഹാനുഭാവൻ രംഗത്തവതരിപ്പിക്കുകയാണു്. ചാൾസ്ഡിക്കൻസിന്റെ കലാസൃഷ്ടികളിൽ ഒരനർഘരത്നമാണു് * "രണ്ടു നഗരങ്ങളുടെ കഥ". ബദ്ധപ്പാടുകൾ നിറഞ്ഞ ചുററുപാടിൽ

* A tale of two cities.

ജീവിക്കുവാൻ മറന്നുപോയ തന്റെ ഹൃദയത്തിൽ സ്നേഹത്തിന്റെ ദീപംകൊളുത്തിയ ഒരു നിഷ്ക്കളങ്കയായ പെൺകുട്ടിയോടുള്ള കൃതജ്ഞതാ പാലനത്തിനുവേണ്ടി, ത്യാഗത്തിന്റെ ബലിപീഠത്തിൽ സ്വന്തം ആത്മാവിനെ ബലിയർപ്പിച്ച ഒരു മനുഷ്യനെ—സിഡ്നികാർട്ടനെ ഈ നോവലിലൂടെ നമുക്കു ദർശിക്കാം.

ഒരു യുവാവ് ഒരു തരുണിയെ ആത്മാർത്ഥമായി സ്നേഹിക്കുക, പ്രതിഫലം കിട്ടുകയില്ല എന്ന തികഞ്ഞ വിശ്വാസത്തോടുകൂടിത്തന്നെ! തന്റെ അബദ്ധജഡിലമായ ജീവിതത്തെ ആദ്യവും, അന്ത്യവുമായി, ഒരു യുവതിയുടെ മുമ്പിൽ ഹൃദയം തുറന്ന് ഏറ്റുപറയുക; സ്വയം ആത്മസംതൃപ്തിക്കുവേണ്ടി മാത്രം! പോരാ, ജീവിതത്തിന്റെ പൊന്നുഷസ്സിൽ, സന്തോഷത്തിന്റെ മുന്തിരിനീർ ആസ്വദിക്കേണ്ട യൗവ്വനത്തിന്റെ പൂർവ്വാഹ്നത്തിൽ, മറ്റൊരു ജീവനുവേണ്ടി സ്വജീവനെ തൃണവൽഗണിക്കുക! ചരിത്രത്തിന്റെ താളുകൾ മറിച്ചുനോക്കിയാൽ ഇത്തരം ഒരു കഥാപാത്രത്തെ കണ്ടെത്തുവാൻ പ്രയാസമാണ്. ഈ ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ, സംസ്ക്കാരത്തിന്റെ പറുദീസയിൽ വാഴുന്ന നമുക്ക് ഇത്തരം ഒരു ത്യാഗസന്നദ്ധത വിഭാവനം ചെയ്യുവാൻ പോലും സാദ്ധ്യമല്ല.

ഇന്ന് എവിടേയും രണ്ടക്ഷരത്തെപ്പറ്റിയേ സംസാരമുള്ളൂ. യുവജനങ്ങളുടെ സംസാരവിഷയം അതുമാത്രമാണ്. നാല്ക്കവലയിലും ബസ്സ്-സ്റ്റാൻഡിലും അതിനെപ്പറ്റി മാത്രമേ സംസാരമുള്ളൂ. യുവചാപല്യത്തിന്റെ ബാഹ്യപ്രകടനമായ 'പൊള്ളയായ പ്രേമം.' അതില്ലെങ്കിൽ കവിത കവിതയാകുമോ, കഥ കഥയാകുമോ? പ്രേമത്തെപ്പറ്റിയല്ലെങ്കിൽ പ്രസംഗം ആര്ക്കുകേൾക്കണം? നോവലിന് മിഴിവും ഓജസ്സും വേണമെങ്കിൽ വിഷയം പ്രേമമായിരിക്കാതെ തരമില്ല. ഈ മിഥ്യാബോധത്തെ ചാൾസ്ഡിക്കൻസ് കാളിദാസനും, വാല്മീകിയും, ഷേക്സ്പീയറും ചെയ്തപോലെ, സിഡ്നി കാർട്ടനെന്ന ആ അത്ഭുതകഥാപാത്രത്തിലൂടെ തകർക്കുകയാണ്. പ്രപഞ്ചത്തിന്റെ സ്ഥായീഭാവമായിട്ടുള്ള നിർമ്മല സ്നേഹത്തിന്റെ വില ലോകം സിഡ്നി കാർട്ടനിലൂടെ ഒരാവൃത്തികൂടി ദർശിക്കുകയാണ്.

സാധാരണ ഗതിയിലാണെങ്കിൽ ഗ്രന്ഥകർത്താവിന്റെ നായകനെപ്പറ്റിയുള്ള ആപാദചൂഡവർണ്ണനയിൽത്തന്നെ അനുവാചകർ ആകൃഷ്ടരാകും. അഥവാ, നായകന്റെ സ്വഭാവത്തിന്റെ സ്ഥൂലരൂപം മനസ്സിലാക്കുവാൻ ഈ കേശാദിപാദവർണ്ണന തികച്ചും പോരുന്നതാണ്. എന്നാൽ, ചാൾസ്ഡിക്കൻസ് ആദ്യമായി പരിചയപ്പെടുത്തുന്ന സിഡ്നികാർട്ടനെന്ന മനുഷ്യനെ സംബന്ധിച്ച് വായനക്കാരന് നല്ലൊരു അഭിപ്രായം തോന്നുവാൻ ന്യായമില്ല. ഇരുകരങ്ങളും, അവയുടെ സംരക്ഷണത്തിന്നെന്നോണം, പാന്റിന്റെ ഇരുപോക്കറ്റുകളിലും 'നിക്ഷേപി'ച്ച് കാര്യഗൗരവമുള്ള കേസുവിസ്താരം നടന്നുകൊണ്ടിരിക്കുമ്പോൾ, കോടതിയുടെ മേൽപ്പുരയിൽ കണ്ണുംനട്ട്, അലക്ഷ്യനായി, താളംതെറ്റിയ ഒരു ജീവിതത്തിന്റെ പ്രതീകമായി നില്ക്കുന്ന സിഡ്നികാർട്ടൻ, അവിടെ കൂടിയിരുന്നവരെപ്പോലെ, ആദ്യം നമ്മുടെ ശ്രദ്ധയേയും ആകർഷിച്ചില്ലെങ്കിൽ അതിൽ അത്ഭുതത്തിനവകാശമില്ല!

ഇപ്രകാരം ആരുമാരുമറിയാതെ, ആരുടേയും ശ്രദ്ധയെ തന്നിലേക്കാകർഷിക്കാതെ, രംഗത്തു കടന്നുവന്ന ഒരു കഥാപാത്രമാണ്, ത്യാഗത്തിന്റെ വാടാമലരായി, നിതാന്ത സ്നേഹത്തിന്റെ പ്രതീകമായി, വായനക്കാരന്റെ ഹൃദയത്തിൽ കദനത്തിന്റെ അലകൾ സൃഷ്ടിച്ചുകൊണ്ട് അവസാനം രംഗത്തുനിന്നും അപ്രത്യക്ഷനാകുന്നത്. സഹൃദയനായ ഒരു വായനക്കാരന് ഇത്തരം ഒരു കഥാപാത്രത്തെ എങ്ങിനെ വിസ്മരിക്കുവാൻ സാധിക്കും!

നാമൊന്ന് മനസ്സിരുത്തി ചിന്തിച്ചു നോക്കൂ! എത്രയും ശോചനീയമായ, നിന്ദനീയമായ ഒരു ജീവിതചര്യയാണ് സിഡ്നികാർട്ടൻ അവലംബിച്ചിരുന്നത്. ആരംഭത്തിൽത്തന്നെ ഒരു ജീവിതം നശിക്കുക! അതെത്രയും പരിതാപകരമല്ല! പതഞ്ഞുതുളുമ്പുന്ന മദ്യങ്ങളുടെ നാറ്റത്തിൽ ജീവിതത്തിന്റെ സൗരഭ്യം ലയിച്ചുചേർന്നു. മനുഷ്യനായി ജീവിക്കുവാൻ മറന്നുപോയ ആ യുവാവ് ചുക്കാനില്ലാത്ത കപ്പൽപോലെ, ലക്ഷ്യമില്ലാതെ അലഞ്ഞുതിരിയുകയായിരുന്നു. നിരാശയുടെ ചുഴിയിൽപ്പെട്ട്, അധഃപ്പതനത്തിന്റെ അത്യഗാധതയിലേക്ക് താണുകൊണ്ടിരുന്ന ആ കപ്പൽ കര[illegible]ക്കുവാൻ ഒരാളെങ്കിലും ആഗ്രഹിച്ചു; അതിനെ

കട്ടെപ്പിക്കുവാൻ ആത്മാർത്ഥമായി ശ്രമിച്ചു. നിഷ്ക്കളങ്കയായ ഒരു യുവ സുന്ദരി—മിസ്സ് ലൂസിമാനററ്. വീണ്ടും കൂട്ടിയിണക്കുവാൻ സാധിക്കാത്ത വിധത്തിൽ കമ്പികൾ പൊട്ടിത്തകർന്ന തരിപ്പണമായ ആ വിപഞ്ചികയിൽനിന്നും മധുരസ്വരങ്ങൾ കേൾക്കുവാൻ ആശിച്ച അവൾക്കും തെററുപററിപ്പോയി. കടിഞ്ഞാണില്ലാത്ത കാലത്തിന്റെ കുസൃതിത്തരം അത്രക്ക് തീവ്രമായിരുന്നു.

താളം പിഴച്ചുപോയ ആ ജീവിതത്തെ, ശ്രദ്ധിക്കുകയാണെങ്കിൽ ഇനിയും നന്നാക്കുവാൻ കഴിയുമെന്നു് ലൂസി ഉപദേശിച്ചപ്പോൾ ക്ലിഷ്ടകണ്ഠനായി, ബാഷ്പാകുല നേത്രനായി സിഡ്നിക്കാട്ടൻ പറയുന്ന വാക്കുകൾ മിസ്സ് ലൂസിയെപ്പോലെ വായനക്കാരനേയും ദുഃഖത്തിലാഴ്ത്തിയെങ്കിൽ അതിൽ അതിശയത്തിനു് വകയില്ലതന്നെ! അദ്ദേഹത്തിന്റെ വാക്കുകൾതന്നെ പരിശോധിക്കാം. "അല്ലയോ മിസ് മാനററ്, കാലമാകുന്ന പക്ഷിയുടെ വേഗത എന്നെ നിശ്ശേഷം പരാജയപ്പെടുത്തിക്കളഞ്ഞു . . . . . ഒരിക്കലുമൊരിക്കലും രക്ഷപ്പെടുവാൻ കഴിയാത്ത വിധത്തിൽ, അപരാധത്തിന്റെ ഗർത്തത്തിലേയ്ക്കു് ഞാൻ താണുപോയി . . . . ഞാനെന്ന മനുഷ്യൻ ജീവിതത്തിന്റെ ആരംഭത്തിൽ തന്നെ മരിച്ചു കഴിഞ്ഞു."

അപാരമായ കദനഭാരത്തെ ഒതുക്കിനിർത്തിക്കൊണ്ടു്, മൃദുലചിത്തയായ ആ പെൺകുട്ടി, ജീവിതായോധനത്തിൽനിന്നു് ഒരു ഭീരുവിനെപ്പോലെ ഒളിച്ചോടരുതു് എന്നു് അദ്ദേഹത്തോടു് വീണ്ടും കേണപേക്ഷിച്ചപ്പോൾ, ആ യുവാവിൽ ഉദ്ഭൂതമായ ഹൃദയവികാരത്തിന്റെ, നിർമ്മല സ്നേഹത്തിന്റെ ബാഹ്യപ്രകടനം ഒന്നു നോക്കു!

"ഞാനൊരു മദ്യപാനി, ഭീരു, കേവലം ഒരു 'പാവം'. അങ്ങിനെയുള്ള എനിക്കു് നിങ്ങളെപ്പോലെ ഒരു തരുണിയിൽനിന്നും സ്നേഹം തിരിച്ചുകിട്ടുമായിരുന്നെങ്കിൽ വാസ്തവത്തിൽ ഞാൻ നിങ്ങൾക്കും ഒരു ശാപമായേ ഭവിക്കുമായിരുന്നുള്ളു. അങ്ങിനെയൊന്നും സംഭവിക്കാഞ്ഞതിൽ മാത്രം എനിക്കു കൃതാർത്ഥതയുണ്ടു്; കൃതജ്ഞതയുണ്ടു്".

ഏതെങ്കിലും ഒരു കാമുകൻ തന്റെ കാമുകിയോടു് ഇത്രയും ആത്മാർത്ഥമായി തന്റെ തെററുകൾ ഏററുപറയുമോ? ഏതെങ്കിലും ഒരു പുരുഷൻ, അതും ഒരു നാരിയുടെ മുമ്പിൽ തന്റെ ഹൃദയം തുറന്നു കാണിക്കുമോ? ഏങ്കിൽതന്നെ പൊള്ളയായ ഹൃദയത്തിന്റെ പൊങ്ങത്തരം മാത്രമായിരിക്കും അതു്. പക്ഷേ, നമ്മുടെ കഥാപാത്രത്തെ സംബന്ധിച്ചിടത്തോളം, വളരെയേറെ പരിതാപകരമായ, അതിനേക്കാളേറെ അബദ്ധമായ ഒരു മാർഗ്ഗമാണു് ആ പാന്ഥനെ നയിച്ചിരുന്നതെങ്കിലും, നിഷ്ക്കളങ്കമായ ഒരു ആത്മാവു് അദ്ദേഹത്തിനുണ്ടായിരുന്നുവെന്നുള്ളതു് ഒരു യാഥാർത്ഥ്യം മാത്രമാണു്, കളങ്കമില്ലാത്ത് ഒരു യുവാവിനെയാണു്, ആത്മാവിന്റെ അന്തരാളത്തിൽനിന്നും ഉദ്ഭൂതമായ ഈ വാക്കുകളിലൂടെ നാം ദർശിക്കുന്നതു്.

അഗാധമായ നൈരാശ്യത്തിൽനിന്നുതിർന്ന ആ വാക്കുകൾ, സ്നേഹിക്കുവാൻ മാത്രമറിയാവുന്ന ലൂസിയുടെ നയനങ്ങളെ അശ്രുപൂർണ്ണങ്ങളാക്കി. ആ സുന്ദരിയുടെ വിലാപം കണ്ടുനില്ക്കുവാൻപോലുമുള്ള ചിത്താദാർഢ്യം, സ്ഥൈര്യം ആ മൃദുലഹൃദയനു് ഇല്ലാതെപോയി. ആ ചാപല്യത്തെ 'ഭീരുത്വം' എന്നു് വേണമെങ്കിൽ വിളിച്ചുകൊള്ളു. പക്ഷേ അതിനേക്കാളേറെ, മനുഷ്യത്വത്തെയാണു് അതു് സൂചിപ്പിക്കുന്നതു് എന്നു് സിഡ്നിക്കാട്ടനെ ശരിക്കും പഠിച്ചാൽ മനസ്സിലാവുന്നതാണു്.

ആ സംഭാഷണം അധികം തുടർന്നുപോകുവാൻ കാട്ടനു് ആഗ്രഹമുണ്ടായിരുന്നില്ല. നിരുദ്ധകണ്ഠനായി അദ്ദേഹം പറയുന്നു, അല്ല, ഒരു ശപഥം തന്നെ എടുക്കുന്നു.

"പ്രിയ ലൂസി, ആ കണ്ണുനീർക്കണങ്ങൾക്കുപോലും ഞാൻ അർഹനല്ല. പക്ഷേ ഒന്നു വ്യക്തമാണു്, ലൂസിക്കുവേണ്ടി എന്തുയാതനകൾ സ്വീകരിക്കുവാനും ഞാൻ തയ്യാറാണു്. ലൂസിക്കോ, ലൂസിയുടെ ഇഷ്ടജനങ്ങൾക്കോ എന്തെങ്കിലും ആപത്തുണ്ടായാൽ, കഴിയുമെങ്കിൽ സ്വജീവനെപ്പോലും ബലിയപ്പിക്കുവാൻ തയ്യാറായി ഒരാളെങ്കിലും ഈ ലോകത്തുണ്ടായിരിക്കുമെങ്കിൽ അതു് ഈ സിഡ്നിക്കാട്ടനായിരിക്കുമെന്നു് ധൈര്യമായി വിശ്വസിച്ചുകൊള്ളുക".

ഈ വാക്കുകളിൽ വേണ്ടത്ര ആത്മാർത്ഥത കാണുവാൻ സാധിച്ചില്ലെങ്കിൽ, അതിനുത്തരവാദി സിഡ്നികാട്ടനല്ല. നാം ജീവിച്ചുകൊണ്ടിരിക്കുന്ന പരിതഃസ്ഥിതിയാണു്. കാരണം മറെറാന്നുമല്ല.

ദൈനംദിന ജീവിതത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്നതു് അതാണു്. പ്രേമത്തിന്റെ അക്ഷയപാത്രവുമായി, കാമുകിയുടെ പുറകേ ഏകാദശിനോററു നടക്കുന്ന ഇക്കാലത്തെ കാമുകർ ഇതിനേക്കാൾ വലിയ ഉഗ്രപ്രതിജ്ഞകൾ എടുക്കുമായിരിക്കാം. വാശിപിടിച്ചാൽ, അവളുടെ കാർക്കൂന്തലിൽത്തന്നെ അയാൾ തൂങ്ങിച്ചത്തുകളയും. പക്ഷേ, സന്ദർഭം വരുമ്പോൾ ഇവന്മാരുടെ 'സത്യസന്ധതയും' ധൈര്യവും ഒക്കെ വാക്കിൽമാത്രം ശേഷിക്കും. ഒരാളെ സ്നേഹിച്ചുപോയി എന്ന കാരണത്താൽ, അയാൾ മുഖേനയും അല്ലാതെയും നരകയാതന അനുഭവിക്കുന്ന പല സ്ത്രീകളും നമ്മുടെ സമുദായമദ്ധ്യത്തിലുണ്ടു്. ഇക്കാര്യത്തിൽ നാരീജനങ്ങളെ ഒഴിച്ചുനിർത്തുന്നു എന്നു തെററിദ്ധരിക്കരുതു്. പല പ്രാവശ്യവും തൂക്കിനോക്കിയെങ്കിലേ അവരുടെ ആത്മാർത്ഥതയുടെ തൂക്കം ഗണിക്കുവാൻ സാദ്ധ്യമാമാകയുള്ളു.

ഇത്തരത്തിൽ കാമുകിയുടെ കടാക്ഷത്തിനുവേണ്ടി നിരാഹാരം അനുഷ്ഠിക്കുന്ന ഒരു വികാരജീവിയെയല്ല സിഡ്നികാർട്ടനിലൂടെ നാം കാണുന്നതു്. തീർച്ചയായിട്ടും, കറപുരളാത്ത ഒരു ഹൃദയത്തിന്റെ ഉടമസ്ഥനായിരുന്നു സിഡ്നികാർട്ടൻ. ഒരു പക്ഷേ, ലൂസിപോലും സിഡ്നികാർട്ടന്റെ പ്രതിജ്ഞയെ അത്ര കാര്യമായി ഗണിച്ചിരിക്കുവാൻ ഇടയില്ല. കാര്യം ശരിതന്നെയാണു്, ലൂസി സിഡ്നികാർട്ടനെ സ്നേഹിച്ചിരുന്നു. എന്നാൽ അദ്ദേഹം അർഹിക്കുന്ന വിധത്തിൽ ലൂസിയിൽനിന്നും സ്നേഹം തിരിച്ചുകിട്ടിയോ? ഇല്ല! പരിതഃസ്ഥിതികളുടെ സമ്മർദ്ദം അവളെ അതിനനുവദിച്ചിരുന്നില്ല എന്നുള്ളതാണു് സത്യം. ഈ വസ്തുത അവർക്കു് രണ്ടുപേർക്കുമറിയാമെന്നിരിക്കേ, ആ നിരാശനായ കാമുകനിൽനിന്നും ഉപദ്രവം ഉണ്ടാകില്ല എങ്കിലും, മഹത്തായ ഉപകാരം കിട്ടുമെന്നു പ്രതീക്ഷിക്കത്തക്ക മൗഢ്യം ഒരു സ്ത്രീയായ ലൂസിക്കുണ്ടാകുമോ?

എന്നാൽ സിഡ്നികാർട്ടന്റെ പ്രതിജ്ഞ, പ്രതിജ്ഞയിൽത്തന്നെ അവസാനിച്ചില്ല. ലൂസിയെപ്പോലെ വായനക്കാരനേയും, ഇച്ഛാഭംഗപ്പെടുത്തിക്കളഞ്ഞ ആ യുവാവു്, ഒരു ജീവനെ ത്യജിച്ചിട്ടു്, ഒരു കുടുംബത്തിന്റെ ഭദ്രതയെ സിഡ്നികാർട്ടൻ കാത്തുരക്ഷിച്ചു. മററൊരു മനുഷ്യനുവേണ്ടി—ലൂസിയുടെ ഭർത്താവിനുവേണ്ടി മരണത്തെ ധീരതയോടെ അഭിമുഖീകരിച്ചു. ഇത്രയും ഉദാത്തമായ ധീരതയെ, ത്യാഗസന്നദ്ധതയെ, സഹൃദയലോകത്തിനു് എങ്ങിനെ വിസ്മരിക്കുവാൻ സാധിക്കും?

സിഡ്നികാർട്ടന്റെ ധീരതയും, മനുഷ്യത്വവും അവിടംകൊണ്ടും അവസാനിച്ചില്ല. ജീവിതത്തിന്റെ യാഥാർത്ഥ്യമായ മരണം, വായും പിളർന്നു നിന്നിരുന്ന ആ സമയത്തുപോലും അദ്ദേഹത്തിനു് ചെയ്യാൻ കഴിയുന്നതു് ഒക്കെ ചെയ്തു. മനസാ വാചാ കർമ്മണാ നിർദ്ദോഷിയായ ഒരു പെൺകുട്ടിക്കു് മരണത്തെ നേരിടുവാൻ വേണ്ടത്ര ധൈര്യം നല്കി. ഒരുപക്ഷേ സിഡ്നികാർട്ടന്റെ ജീവിതത്തിലെ ഏററവും അവാച്യമായ നിമിഷങ്ങളായിരുന്നു, കാരാഗൃഹത്തിന്റെ ഇരുമ്പഴിക്കുള്ളിലെ, നിഷ്കളങ്കയായ ആ കൊച്ചു പെൺകുട്ടിയുടെ സമീപനത്തിൽ കടന്നുപോയ ആ അന്ത്യനിമിഷങ്ങൾ. വാസ്തവത്തിൽ അവർ രണ്ടുപേരും ഒരേ അനുഭവക്കാരായിരുന്നു—ഒരാൾ മററൊരാൾക്കുവേണ്ടി ശിക്ഷ അനുഭവിക്കുക; മററൊരാളാകട്ടെ, ചെയ്യാത്ത തെററിനു് ശിക്ഷിക്കപ്പെടുക—അതുകൊണ്ടുതന്നെയാണു് അവർക്കു് അന്യോന്യം അടുക്കുവാൻ സാധിച്ചതും. അങ്ങിനെ വായനക്കാരന്റെ ഹൃദയത്തിൽ ദുഃഖത്തിന്റെ വിത്തുകൾ പാകി. സിഡ്നികാർട്ടനെന്ന ആ മനുഷ്യൻ, അകളങ്കയായ ഒരു ബാലികയോടൊപ്പം അത്യധികം സന്തുഷ്ടിയോടുകൂടിത്തന്നെ മൃത്യുവിനെ സ്വീകരിച്ചു.

സാഹിത്യസാഗരത്തിൽ മുങ്ങിത്തപ്പുകയാണെങ്കിൽപ്പോലും, സിഡ്നികാർട്ടനെപ്പോലെ ഉജ്ജ്വലനായ, ത്യാഗത്തിന്റെ മകുടോദാഹരണമായ ഒരു കഥാപാത്രത്തെ കണ്ടെത്തുക എന്നുള്ളതു് പ്രയാസമുള്ള കാര്യമാണു്. ഒരാളിൽ എന്തെല്ലാം ദൗർബ്ബല്യങ്ങളും, ദുർഗ്ഗുണങ്ങളും ഉണ്ടായിക്കൊള്ളട്ടെ, പരിശുദ്ധമായ ഒരു ഹൃദയം അവനുണ്ടെങ്കിൽ, നമുക്കു് അവനെ സ്നേഹിക്കാം, പരിപൂർണ്ണമായി വിശ്വസിക്കുകയും ചെയ്യാം; എന്നു് സിഡ്നികാർട്ടനെന്ന ഈ കഥാപാത്രം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, നിർമ്മലസ്നേഹവും, നിസ്വാർത്ഥസേവനവുമത്രേ, ഒരു മനുഷ്യനു് അവശ്യം ആവശ്യമായിട്ടുള്ള ഗുണങ്ങൾ. ഈ രണ്ടു ഗുണങ്ങളും സമ്മിളിതമായിട്ടുള്ള ഒരു പ്രതിഭാസമാണു് സിഡ്നികാർട്ടൻ. അതുകൊണ്ടു് മാത്രമാണു് ഒരു മനുഷ്യനെ പരിചയപ്പെടുത്തുന്നതിനു് ഞാൻ കാർട്ടനെ തിരഞ്ഞെടുത്തതു്.

# "നിറം മങ്ങിയ സത്യങ്ങൾ"

(കമലാവതി, എൻ. സി. II B. Sc.)

അവിടേക്കു് നോക്കരുതെന്നു് വിചാരിച്ചതാണു്. എന്നിട്ടും കണ്ണുകൾ അറിയാതെ അവിടെത്തന്നെ ചെന്നു് തറച്ചുപോയി. വളരെവേഗം ശ്രദ്ധയെ അററൻറൻസ് ബുക്കിലേക്കുതന്നെ തിരിച്ചുവിട്ടു. നമ്പർ 93—ഹാജർ വിളിച്ചപ്പോൾ വീണ്ടും അങ്ങോട്ടൊന്നു നോക്കിപ്പോയി. ഹൃദയത്തിന്റെ ഏതൊക്കെയോ കോണിൽനിന്നും അറിയാതൊരു വേദന അള്ളിപ്പടരുകയായിരുന്നു. മനംനിറയെ ആ വലിയ കണ്ണുകളായിരുന്നു—മലക്കെത്തുറന്ന കണ്ണുകളിൽ മൊച്ചിങ്ങയോളം വലിപ്പമുള്ള കൃഷ്ണമണികൾ ഉരുണ്ടുമറിയുന്ന ആ ചിത്രം—അവ മനസ്സിലെന്നും നൊമ്പരം പകർന്നവയായിരുന്നു.

തന്റെ ക്ലാസ്സിലെ ഏററവും നന്നായി പഠിക്കുന്ന കുട്ടിയാണു് ബഷീർ. തന്റെ ഇഷ്ടഭാജനവുമാണവൻ. സ്ററുഡൻസിന്റെ ഇടയിൽനിന്നും അതിനെപ്പററിയുള്ള കമൻറ്സ് താൻ ഇടക്കെല്ലാം കേൾക്കാറുണ്ടു്—"പൊട്ടക്കണ്ണൻ ടീച്ചറുടെ ഫേവറിററാ," "പൊട്ടക്കണ്ണൻ ആളു് മഹാ സോപ്പാണ്ട്രോ," ഒന്നും താൻ കേട്ടതായി ഭാവിക്കാറില്ല. ബഷീറിന്റെ ഹൃദയത്തിൽ വേദനയുടെ ഉണങ്ങാത്ത അനവധി പാടുകൾ സൃഷ്ടിക്കാനിവയെല്ലാം പോരേ? അവരോടു് ആ വിചാരങ്ങളെല്ലാം തെററാണെന്നു് ഉറക്കെയുറക്കെ പറയണമെന്നുണ്ടു്. ബഷീറിന്റെ ആ വലിയ ചലിക്കുന്ന കണ്ണിണകൾ കാണുമ്പോഴെല്ലാം തന്റെ ഹൃദയത്തിൽ ബീനയുടെ മുഖമാണു് തെളിഞ്ഞുവരാറു്. കേവലം രണ്ടു വയസ്സുമാത്രം പ്രായമുള്ള തന്റെ മകൾ! ഇരുട്ടിന്റേതായ ലോകത്തിൽ ഇന്നും അവൾ ജീവിക്കുന്നു. പ്രകാശത്തിന്റെ മധുരിമനുകർന്നിട്ടില്ലാത്ത ആ കൊച്ചുകണ്ണുകൾ തന്റെ ഹൃദയത്തിനു് എന്നും വേദന മാത്രമെ സമ്മാനിച്ചിട്ടുള്ളു. ബഷീറിന്റെനേരെ സ്ററുഡൻസെറിയുന്ന ഓരോ കുത്തുവാക്കുകളും തന്റെ ഹൃദയത്തിലാണു് ആഞ്ഞുതറക്കാറു്. വർഷങ്ങൾക്കുശേഷം ഇതെല്ലാം ബീനയും സഹിക്കേണ്ടിവരില്ലേ എന്നോർക്കുമ്പോൾ സങ്കടം തോന്നാറുണ്ടു്. ബ്രെയിൽ സമ്പ്രദായത്തിൽ നോട്ട്സ് പകർത്തുന്ന ബീനയുടെ രൂപം മനസ്സിൽ പൊന്തിവന്നപ്പോൾ വേഗം കസാലയിൽനിന്നും എണീററു. നോട്ട്സ് പറഞ്ഞുകൊടുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിച്ചു.

ബഷീറിന്റെ സ്പീഡിനൊത്തേ താൻ നോട്ട്സ് പറയാറുള്ളു. കടലാസ്സിൽ അവൻ സൃഷ്ടിക്കുന്ന പാടുകൾനോക്കി ചിലപ്പോൾ താൻ മൂകയായിരുന്നിട്ടുണ്ടു്. എപ്പോഴും പുഞ്ചിരി കളിയാടിക്കൊണ്ടിരിക്കുന്ന അവന്റെ മുഖത്തു് എന്തേ ഈശ്വരൻ ആ മായാത്ത കലകൂടി ചാർത്തിയതു് എന്നു താൻ പലപ്പോഴും ഓർത്തിട്ടുണ്ടു്. മുത്തശ്ശിയുടെ വാക്കുകളാണപ്പോൾ ഓർമ്മവരുക. "തള്ളാരു് ചെയ്യുന്ന പാപത്തിന്റെ ഫലാ മക്കളു് അനുഭവിക്കുന്നതു്." മുത്തശ്ശിയുടെ ഫിലോസഫി തെററാണെന്നു് സയൻസ് തെളിയിച്ചിട്ടുണ്ടു്. താൻചെയ്ത പാപത്തിന്റെ ഫലമാണു് ബീന അനുഭവിക്കുന്നതു് എന്നുണ്ടെങ്കിൽ, താൻ പാപം ചെയ്തിട്ടില്ലെന്നതാണു സത്യം.

"സാർ, പ്ലീസ് കണ്ടിന്യൂ ദി നോട്ട്സ്." പെട്ടെന്നു് ഓർമ്മകളിൽനിന്നും വഴുതിവീണു. ലെക്ചർ ക്ലാസ്സിൽ മററൊന്നും ചിന്തിക്കരുതെന്നു് എപ്പോഴും തീരുമാനിക്കാറുണ്ടു്. പക്ഷെ തീരുമാനം നടപ്പിലാക്കാൻ കഴിയാറില്ലെന്നുമാത്രം.

വരാന്തയിൽനിന്നും പെട്ടെന്നൊരു വിളി കേട്ടു. "മിസ്ട്രസ്സ . . . . ." കുട്ടികൾ ക്ലാസ്സിൽനിന്നും ഉറക്കെ ചിരിക്കാൻ തുടങ്ങി. "സയലൻസ്, പ്ലീസ്" താൻ പറഞ്ഞു. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു് ബഷീറിന്റെ ബാപ്പയെയാണു്. വാത്സല്യം തുളുമ്പുന്ന ആ കണ്ണുകളിൽ

വേദന ഒളിഞ്ഞുകിടക്കുന്നത് താൻ കണ്ടു. (തന്റെ സ്ഥിതിയും അതുതന്നെയാണല്ലോ.)

“ബസീറിനെ ഒന്ന് വിട്ട് തരോ?” വായിൽനിന്നും ഒലിച്ചുവന്ന മുറുക്കാൻ തോർത്തുകൊണ്ട് തുടച്ചുമാറ്റി പറഞ്ഞു. ബാപ്പയുടെ ശബ്ദം തിരിച്ചറിഞ്ഞ ബഷീർ സീറ്റിൽനിന്നും എണീറ്റു കഴിഞ്ഞിരുന്നു. താൻ അവനെ മെല്ലെ ബാപ്പയുടെ അടുത്തെത്തിച്ചു.

“ഞങ്ങള് പോണ് മോളെ. ഓന്‌ക്ക് രണ്ടു ദിവസം ലീവാണ്ട്ടോ.”

ഒരു പുഞ്ചിരിയും സമ്മാനിച്ചുകൊണ്ട് ബാപ്പ നടന്നുപോയി. ഇടക്കിടക്ക് അയാൾവന്ന് ബഷീറിനെ കൊണ്ടുപോവുക പതിവാണ്. ഉമ്മാക്ക് ബഷീറിനെ കാണാഞ്ഞാൽ ഉറക്കം വരില്ലാത്രെ. അയാൾ പറയാറുണ്ട്.

“ഉമ്മാക്ക് ബസീറിനെ കാണാൻ പൂതി ആവാണ് മോളെ.”

ലാസ്റ്റവറായിരുന്നതിനാൽ താൻ അഞ്ചുമിനുട്ട് നേരത്തെ ക്ലാസ്സുവിട്ടു. സ്റ്റാഫ്റൂമിൽനിന്നും കുടയുമെടുത്ത് വേഗം വീട്ടിലേക്കുനടന്നു. ബീനമോളുടേയും, മിനിയുടേയും, പ്രഭേട്ടന്റേയും ചിത്രമായിരുന്നു മനംനിറയെ. മിനിക്ക് ബീനയേക്കാൾ രണ്ടുവയസ്സു കൂടുതലാണ്. അവളുടെ കുസൃതിയാണ് മനസ്സിന് അല്പം സമാധാനം പകർന്നുതരാറുള്ളത്. പ്രഭേട്ടനെപ്പറ്റി ഓർക്കുമ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകാറുണ്ട്. ബീനമോളെ ഒരു നോക്കുപോലും കണ്ടിട്ടില്ല. എല്ലാ എഴുത്തിലും ഒരുപുറം മുഴുവൻ അവളെക്കുറിച്ചുള്ള വിവരണങ്ങളും അന്വേഷണവുമാണ്. മനംനിറയെ ബീനയുടെ രൂപമാണപ്പോഴും. പ്രഭേട്ടനയച്ചുതന്ന പേരാണ് ബീന. ഏറ്റവും ഇഷ്ടപ്പെട്ട പേരാണത്രെ. ആദ്യത്തെ പേരിടാനുള്ള ചാൻസ് തനിക്കാണ് നൽകിയത്—മിനി. ബീനയെപ്പറ്റി എല്ലാമെല്ലാം താനെഴുതാറുണ്ട്. നാഴികകൾക്കപ്പുറത്തിരുന്ന് അത് വായിക്കുന്ന രൂപവും താൻ മനസ്സിൽ കാണാറുണ്ട്. പക്ഷെ ബീനക്ക് അവളുടെ അച്ഛനെ കാണാനുള്ള കഴിവില്ല എന്ന സത്യം മാത്രം താനിതുവരെ എഴുതിയിട്ടില്ല. എല്ലാപ്പോഴും എഴുതണമെന്ന് വിചാരിക്കും. വേദനകൊണ്ട് പുളയുന്ന ഒരു ഹൃദയമാണ് അപ്പോൾ മുന്നിൽ തെളിഞ്ഞുവരുക. സങ്കല്പങ്ങളുടെ സുന്ദര സാമ്രാജ്യത്തിൽ വിഹരിക്കുന്ന പ്രഭേട്ടനെ വേദനിപ്പിക്കാൻ മനസ്സുവരാഞ്ഞിട്ടാണ്. “ബീന അന്ധയാണ്...!!” തനിക്കെഴുതാൻ വയ്യ. ആ വാക്കുകൾ തന്നിൽ ശ്വാസം മുട്ടിച്ചുകൊല്ലുന്ന പ്രതീതിയാണ് ഉളവാക്കാറുള്ളത്. പക്ഷെ, എത്രനാൾ തനിക്കീ ദുഃഖസത്യം പ്രഭേട്ടനിൽനിന്നും മറച്ചുപിടിക്കാൻ സാധിക്കും? അതെ ഒരുനാൾ എല്ലാം പുറത്താവും. അപ്പോൾ..... അപ്പോൾ..... അയ്യോ, അതോർക്കാൻകൂടി സാധ്യമല്ല. ഈശ്വരാ, എന്നെ ഈ വിധം പരീക്ഷിക്കരുതേ....

ഒരുപക്ഷെ താനിത് മുൻകൂട്ടി പ്രഭേട്ടനെ അറിയിക്കുകയാണെങ്കിൽ! എന്താണ് താനെഴുതുക? “നമ്മുടെ ബീനമോൾ അന്ധയാണെന്നോ?” ഇല്ല. ഒരിക്കലും താനെഴുതുകയില്ല. ഒരിക്കലും..... ഒരിക്കലും..... പ്രഭേട്ടന്റെ ആഗ്രഹങ്ങളെ തട്ടിത്തരിപ്പണമാക്കാൻ തനിക്ക് സാധ്യമല്ല. തന്റെ കൈകൾകൊണ്ട് ആ കറകളഞ്ഞ സത്യം കുറിക്കുക സാധ്യമല്ല. ഒരാഴ്ചക്കുള്ളിൽ പ്രഭേട്ടൻ വരും. സ്റ്റേഷനിൽ ബീനയേയും കൊണ്ടുചെല്ലാൻ പ്രത്യേകം എഴുതിയിട്ടുണ്ട്. പ്രഭേട്ടൻ ആ വാർത്തയറിയുമ്പോൾ, എന്താവാം പ്രതികരണങ്ങൾ? പ്രഭേട്ടാ, അങ്ങയുടെ ശാരിയോട് ക്ഷമിക്കണമേ...

മിനിയുടേയും, ബീനയുടേയും സംസാരം കേട്ടപ്പോഴാണ് വീട്ടിലെത്തിയതറിഞ്ഞത്. അവരുടെ സംസാരം കേൾക്കാനുള്ള കൊതികൊണ്ട് മെല്ലെ വാതിൽക്കൽ മറഞ്ഞുനിന്നു. തന്റെ വിലകൂടിയ കാഞ്ചീപുരം സാരിയാണ് മിനി ചുറ്റിയിരിക്കുന്നത്. എവിടെനിന്നോ ഒരു വടിയും കയ്യിൽ സമ്പാദിച്ചിട്ടുണ്ട്. മുത്തശ്ശിയുടെ കണ്ണടയും വെച്ചിരിക്കുന്നു. ബീനമോളെ പഠിപ്പിക്കുകയാണ്. പാവം, സോഫയിൽ ചാരികിടക്കുകയാണ് ബീന. റേഡിയോവിൽനിന്നും ഉതിരുന്ന ഗാനങ്ങൾ കേട്ടിട്ടോ എന്തോ, അവൾ കുടുകുടെ ചിരിക്കുന്നുണ്ട്. മിനി ആരോടൊ വെറുതെ ദേഷ്യപ്പെടുകയാണ്. “അമ്മേടെ ശാരി എത്ര്യാ എറക്കം. ഈ മിനിക്കുട്ടിക്ക് ഒരു ശാരീം പാവാടേം ഒക്കെ വാങ്ങിത്തന്നൂടെ. അച്ഛനിങ്ങ് വരട്ടെ. അമ്മക്ക് ശപ്പൻ ശാരി ഉടുത്താ മതീന്നാ വിചാരം. ഞാൻ ചെറ്യേ കുട്ട്യൊന്നും അല്ല. വല്യാളായീന് നാള് നമ്മളെ തോട്ടക്കാരൻ കാക്ക

പറഞ്ഞുകേട്ടോ. ഇനി ഉടുപ്പിടാൻ ഷൂസ് വാങ്ങണ്ട്. ബീനേ, നമുക്ക് ശാരി വാങ്ങിത്തരാൻ പറയണം ട്ടോ.''

ഇതുകേട്ട ബീന അത്യുത്സാഹത്തിലെന്തോ പറഞ്ഞു. ചില വാക്കുകളേ അവൾ ശരിക്ക് പറയാറുള്ളൂ. മിനി വീണ്ടും തുടങ്ങുകയായി.

''ടീച്ചറിതാ വരുന്നു. കുട്ട്യോള്' ഒച്ചവയ്ക്കരുതു്ട്ടോ ബീനേ.'' മിനി ഒരു പുസ്തകവുമെടുത്തു് വീണ്ടും വന്നു. പിന്നെ ചോദ്യം ചോദിക്കലായി. വടികൊണ്ട് മേശയിലും കസേരയിലും, സോഫയിലും മറ്റും ഉറക്കെയുറക്കെ തല്ലിത്തുടങ്ങി. പഠിക്കാത്തവർക്കുള്ള ശിക്ഷയാണത്രേ. നഴ്സറിക്ലാസ്സിലെ ടീച്ചറെ അനുകരിക്കുകയാണവൾ. വേലക്കാരി ഇതെല്ലാം കേട്ട് ഉറക്കെ ചിരിക്കുന്നുണ്ട്. ദേഷ്യംവന്ന ''ടീച്ചർ'' വേലക്കാരിയേയും വെറുതെ വിടാൻ ഭാവമില്ലായിരുന്നു. അപ്പോഴേയ്ക്കും താൻ വാതിലും തുറന്ന് അകത്തുചെന്നു. ''മിനി ടീച്ചറേ, ഇങ്ങനെയൊന്നും കോപിക്കരുതു്ട്ടോ, അങ്ങനെടുത്തു്ന്ന് മിനിടീച്ചർക്ക് നല്ല അടി കിട്ടും.'' ബീനമോളെ വാരിയെടുത്തു് താൻ മിനിയുടെ അടുത്തേക്കുചെന്നു. ''ടീച്ചർ'' നാണിച്ച് ഉടനെ സ്ഥലംവിട്ടു.

മുത്തശ്ശി അടുക്കളയിൽനിന്നും ഉച്ചത്തിൽ പറയുന്നതുകേട്ടു. ''ശാരിക്കുട്ട്യേ, ആ സാരിപ്പെ അപ്പടി ചുളുക്കല്ലേട്ടോ. ബീനക്കുട്ടീടെ പാവാടൊക്കെ തട്ടിമറിക്കുംന്നാച്ചു് തോന്നണ്ട്. നീയിങ്ങട്ട് വന്നാട്ടെ.'' (സ്നേഹം കൂടുമ്പോഴ ''കുട്ടി'' ചേർത്തുള്ളവിളി മുത്തശ്ശിയുടെ ശീലമാണ്.) സാരിയും മറ്റും അഴിച്ചിടാൻ മിനിക്ക് ഒട്ടും തന്നെ പാസ്സാക്കേണ്ടിവരുന്നു. ചായകുടിക്കാൻ വിളിച്ചപ്പോഴും മിനി പിണക്കത്തിലായിരുന്നു. അവളെ ഇണക്കാനുള്ള വിദ്യ തനിക്കറിയാം. ഉറക്കെ മിനി കേൾക്കത്തക്കവിധം താൻ പറഞ്ഞു. ''ബീനേ, അച്ഛന്റെ കത്തുണ്ട്ട്ടോ മോളെ. കുട്ടിയ്ക്ക് കുറെ ഉടുപ്പും, പാവയും ഒക്കെ കൊണ്ടരുന്ന്ണ്ടത്രെ. അടുത്ത ആഴ്ച അച്ഛൻ വരുംട്ടോ മോളെ. മിനിയെപ്പറ്റി കത്തിലൊന്നും ല്യാല്ല്യ, ബീനേ. അച്ഛന് ബീനമോളെം, അമ്മയേയും മതിന്നാ തോന്നണതു്. മിനിയെക്കുറിച്ച് ഒന്നും എഴുതീട്ടില്ലാട്ടോ. കഷ്ടംതന്നെ അല്ലേ മുത്തശ്ശീ.'' മുത്തശ്ശി മിനിയുടെ ഭാഗത്തായിരുന്നു. ''മുത്തശ്ശീടെ കുട്ടി ങ്ങട്ട് പോരൂട്ടോ.'' തേങ്ങിത്തേങ്ങിവന്ന കരച്ചിലടക്കിക്കൊണ്ട് മിനി ഓടിവന്ന് മുത്തശ്ശിയെ കെട്ടിപ്പിടിച്ചു. മുത്തശ്ശി അവളേയും എടുത്തുകൊണ്ട് ഉമ്മറത്തേക്ക്പോയി. താൻ ബീനയ്ക്ക് പാലു കൊടുക്കുകയായിരുന്നു. ബീന മെല്ലെ പറഞ്ഞു. ''അ . . . ച്ഛാ . . . ച്ഛാ . . .'' ''മോളുടെ അച്ഛൻ വരും ട്ടോ.'' ഒക്കത്തിരുന്നവൾ തന്റെയും ശൂന്യതയിലേക്ക് കാട്ടി കരയാൻ തുടങ്ങി. പാവം! അച്ഛൻ അടുത്തുണ്ടാവും എന്ന് വിചാരിച്ചിട്ടാവും. വെറുതെ ശൂന്യതയിലേക്ക് നോക്കിയവൾ ചിരിച്ചു. എന്തൊക്കെയോ വികാരങ്ങൾ അവളുടെ മുഖത്തോളം തള്ളി. കണ്ണുകളുള്ള തനിക്ക് കണ്ടു മനസ്സിലാക്കാൻ കഴിയാത്തവയായിരുന്നു അവ.

* * * * *

ദിനങ്ങൾ ചിലതു കടന്നുപോയി. ഇനി രണ്ടും മൂന്നു ദിവസമേയുള്ളൂ പ്രഭേട്ടൻ വരാൻ. ജോലി സ്ഥലത്തുനിന്നും പുറപ്പെട്ട വിവരത്തിന് കമ്പി കിട്ടിയപ്പോൾ തുടങ്ങിയതാണ് മുത്തശ്ശിയുടെ വേവലാതി. പൂജാമുറിയിലെ വിളക്ക് കെടാതിരിക്കാൻ മുത്തശ്ശിയും മിനിയും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അതെല്ലാം വെറും വിശ്വാസമാണെന്നറിഞ്ഞിട്ടും ഇടക്കിടെ വിളക്കിൽ എണ്ണയൊഴിച്ച് തിരി നീട്ടാൻ താനും ശ്രദ്ധിച്ചിരുന്നു. അപ്പോൾ പ്രത്യേകമൊരു മനസ്സുഖവും തോന്നിയിരുന്നു. ഗുരുവായൂരപ്പന്റെ ഫോട്ടോയ്ക്കുമുമ്പിൽ കൈകൂപ്പി അറിയാതെ പ്രാർത്ഥിച്ചുപോയി. ''പ്രഭേട്ടൻ ബുദ്ധിമുട്ടൊന്നും കൂടാതെ ഇങ്ങെത്തണമേ,'' ചന്ദനത്തിരിയുടേയും, കർപ്പൂരത്തിന്റെയും നേർത്ത സുഗന്ധം അവിടമെങ്ങും തങ്ങിനിന്നിരുന്നു. മിനിയുടെ പ്രാർത്ഥനകേൾക്കാനാണ് കൂടുതൽ രസം. ''ഭഗവാനേ, എന്റച്ഛൻ വേഗം വരണേ. ഇനിയ്ക്ക് ഒരു പെട്ടിനെറെ ഉടുപ്പും മിഠായീം കൊണ്ടരണേ, അമ്മയ്ക്ക് ശാരീം, ബീനയ്ക്ക് പാവേം വേണം ട്ടോ. പിന്നെയ്, മുത്തശ്ശിയ്ക്ക് ഭസ്മം, ചന്ദനം, നാണിക്ക് (വേലക്കാരി നാണിയെ അവളങ്ങനെയാണ് വിളിക്കുക.) മുണ്ടും, സോപ്പും, കാക്കയ്ക്കു കുപ്പായം മുണ്ടും ഒക്കെ കൊണ്ടരണേ.'' പിന്നെ ''ഭഗവാനി''യുടെ കാൽക്കൽ കമിഴ്ന്നുകിടന്ന് പ്രാർത്ഥിക്കലാണ്. ഫോട്ടോയിലെ കാലടിതൊട്ട് തലയിൽ വെച്ചശേഷമേ പിന്നെ അവൾ മുറിക്ക് പുറത്തു കടക്കൂ. എല്ലാം മുത്തശ്ശി പഠിപ്പിച്ച ക്രിയ

കളാണ്. ഇതൊന്നും കാണാൻ കെൽപില്ലാത്ത ബീനമോൾ "എച്ചി .... പോററി, പോററി" എന്നുപറഞ്ഞു വെറുതെ കൈകൂപ്പും. താൻ ദൈവത്തോട് നിത്യവും കേണപേക്ഷിക്കാറുണ്ട്. ബീനമോളുടെ കണ്ണുകളൊന്ന് ശരിയാക്കിത്തരണമേ എന്ന്—ഇന്നും അത് വെറുമൊരു ആശമാത്രമായവശേഷിക്കുകയാണ്.

അന്നാണ് പ്രഭേട്ടൻ വരുന്നത്. താൻ ഒരാഴ്ചത്തെ ലീവിലായിരുന്നു. പോരുമ്പോൾ ബഷീറിന് സുഖമില്ലായിരുന്നു. ബാപ്പയുടെ ഒപ്പം അന്നു പോയതിനുശേഷം ബഷീർ പിന്നെ ക്ലാസ്സിൽ വന്നിട്ടില്ല. മനസ്സുഖമില്ലെന്നും പറഞ്ഞ് അവന്റെ ബാപ്പ എഴുതിയിരുന്നു. ബഷീറിന്റെ വിവരമറിയാഞ്ഞിട്ട് വല്ലാത്ത മനോവിഷമം തോന്നിയിരുന്നു. അവനെപ്പററി ഓർക്കുമ്പോഴെല്ലാം മൊച്ചിങ്ങയോളംപോന്ന ആ കുഞ്ഞുമണികളാണ് ആദ്യം സ്മൃതിപഥത്തിലേയ്ക്കുയർന്നു വന്നത്.

ടാക്സി ഗെയിററിന്നരികിൽവന്ന് ഹോണടിച്ചപ്പോഴേക്ക് താനും മിനിയും ബീനയും ഒരുങ്ങിക്കഴിഞ്ഞിരുന്നു. സ്റ്റേഷനിലെത്തിയപ്പോഴേക്കും വണ്ടി വന്നിരുന്നു. തിരക്കിന്നിടയിൽ പ്രഭേട്ടനെ തിരഞ്ഞ് തന്റെ കണ്ണുകൾ നാലുപാടും ഉഴറുകയായിരുന്നു. പൊടുന്നനെ തോളത്താരോ പിടിച്ചതുപോലെ തോന്നി. ഞെട്ടി പുറംതിരിഞ്ഞുനോക്കിയപ്പോഴുണ്ട് ചിരിച്ചുകൊണ്ട് പ്രഭേട്ടൻ നിൽക്കുന്നു. "പേടിച്ചുപോയിട്ടോ." താൻ പറഞ്ഞു.

"പേടിക്കാതിരിക്കുമോ. രണ്ടു കൊല്ലങ്ങൾക്കുശേഷം കാണുകയല്ലേ. പേടിപ്പിച്ചതിനുപകരം ബീനമോളെയിങ്ങുതരൂ."

"അവളുറങ്ങുവാണ് പ്രഭേട്ടാ. വീട്ടിൽ ചെന്നിട്ടുണർത്താംട്ടോ ..." വാസ്തവം കണ്ടാൽ പ്രഭേട്ടൻ ഞെട്ടിത്തെറിക്കുമോ. വേണ്ട ഈശ്വരാ. വീട്ടിലെത്തുവോളം ബീനയുണരരുതേ ... ങും, സ്യൂട്ട് കെയ്സും ടാക്സിയിലെടുത്തുവെച്ചു. ബീനയുടെ വാടിയ മുഖത്തൊരുമ്മ കൊടുക്കാൻ ആ തിരക്കിന്നിടയിലും പ്രഭേട്ടൻ മറന്നില്ല. അച്ഛന്റെ മടിയിൽ കയറിയിരുന്ന് സൊള്ളുകയാണവൾ. പ്രഭേട്ടന് കുട്ടികളെന്നുവെച്ചാൽ ജീവനാണ്. ഒരോ ഉമ്മയ്ക്ക് ഓരോ മിഠായി എന്ന കണക്കിൽ അച്ഛനെ ഉമ്മകൾകൊണ്ട് വീർപ്പുമുട്ടിക്കുകയാണവൾ. എണ്ണം തെററിക്കാൻ പ്രഭേട്ടൻ പറയുന്ന തമാശകൾ കേട്ടപ്പോൾ താനും ചിരിച്ചുപോയി. ബീനമോളുടെ സ്ഥിതിയെക്കുറിച്ചോർത്തപ്പോൾ ചിരിക്കാൻ തോന്നിയില്ല. യാതൊന്നും അറിയാതെ ഇപ്പോഴും തന്റേതായ ഇരുട്ടിന്റെ വലയത്തിലമർന്നിരിക്കുകയാണവൾ. "എന്റെ ബീന ... എല്ലാവർക്കും നിന്നെ കാണാനുള്ള കഴിവുണ്ട്. പക്ഷെ നിനക്കു മാത്രം ആരേയും കാണാൻ കഴിയുന്നില്ലല്ലോ?"

ടാക്സി പടിക്കൽ നിർത്തിയപ്പോൾ ഞങ്ങളെല്ലാം പുറത്തിറങ്ങി. ബീനമോളെ പ്രഭേട്ടൻ തന്നെ എടുത്തു. താൻ ഉമ്മറത്തെത്തിയ ഉടനെ അകത്തേയ്ക്കോടുകയായിരുന്നു. രണ്ടുകൊല്ലങ്ങൾക്കുശേഷം നാട്ടിലെത്തിയ പ്രഭേട്ടനെ ഒന്നു സൽക്കരിക്കാൻകൂടി താൻ നിന്നില്ല. കിടക്കയിലേക്ക് വീണ് തലയിണയിൽ മുഖമമർത്തി കരഞ്ഞതു മാത്രം ഓർമ്മയുണ്ട്. ബീന ഉണർന്നിട്ടുണ്ടാകുമോ? പ്രഭേട്ടൻ എന്തു വിചാരിച്ചുകാണും? തേങ്ങലുകൾ മാത്രമാണൊടുവിൽ വിങ്ങിനിന്നത്.

കൈത്തണ്ടയിൽ ഒരു തണുപ്പുതോന്നിയപ്പോൾ പെട്ടെന്ന് കൺമിഴിച്ചുപോയി. പ്രഭേട്ടന്റെ കണ്ണീർവീണ് കൈ നനഞ്ഞിരിക്കുന്നു. കൊച്ചുകുട്ടികളെപ്പോലെ ഏങ്ങിയേങ്ങി കരയുന്ന പ്രഭേട്ടനെ കണ്ടപ്പോൾ തനിക്കും കരച്ചിലടക്കാൻ കഴിഞ്ഞില്ല.

"എന്നോട് ക്ഷമിക്കൂ പ്രഭേട്ടാ" താൻ തേങ്ങിക്കൊണ്ട് പറഞ്ഞു.

"ഞാൻ നിന്നെ കുററപ്പെടുത്തുന്നില്ല ശാരീ. എല്ലാം മുത്തശ്ശി എന്നോട് പറഞ്ഞു. നമുക്ക് ദൈവം വിധിച്ചതാവാം." കരച്ചിലടക്കിക്കൊണ്ട് പ്രഭേട്ടൻ പറഞ്ഞു.

"മനസ്സു സമ്മതിക്കാഞ്ഞിട്ടാണ് പ്രഭേട്ടാ ഞാനിതുവരെ അറിയിക്കാതിരുന്നത്."

"ശാരീ അതേപ്പററി ഒന്നും പറയാതിരിക്കൂ. ഞാനെല്ലാം മറക്കാൻ ശ്രമിക്കയാണ്. നിന്റെ വേദന കാണുമ്പോൾ മാത്രമാണെനിക്കു വ്യസനം." പ്രഭേട്ടൻ ബീനയേയും എടുത്തുകൊണ്ട് പുറത്തുകടന്നു. പുഞ്ചിരിക്കാൻ ശ്രമിച്ചുകൊണ്ട് ചോദിച്ചു.

"എനിക്ക് കാപ്പിയൊന്നും ഇല്ലേ ശാരീ. അതിനും റേഷൻ ബാധിച്ചോ?" മനസ്സിലെ വിഷമം ഒതുക്കുവാൻ ശ്രമിക്കുന്ന പ്രഭേട്ടനോട് സഹതാപംതോന്നി.

കാപ്പിയും പലഹാരവുമായി ചെന്നപ്പോൾ, പാവക്കുട്ടികളുടേയും, പുത്തനുടുപ്പുകളുടേയും ലോകത്തിൽ കിടന്നുകളിക്കുന്ന മിനിയേയും ബീനയേയുമാണ് കണ്ടത്. എല്ലാം കണ്ടുകൊണ്ട് ചിരിച്ചുനില്ക്കയാണ് പ്രഭേട്ടൻ—കദനത്തിന്റെ കരിനിഴൽ വീണതാണ് ആ ചിരി. തന്നെ കണ്ടപ്പോൾ മിനി പറയാൻ തുടങ്ങി.

"അമ്മേ, ശാരീം, ഉടുപ്പും മിഠായീം ഒക്കെ ഉണ്ടല്ലോ." ചിരിച്ചുകൊണ്ടവൾ ഉടുപ്പുകളുടെ ഭംഗി ആസ്വദിക്കുകയാണ്. മിഠായിപ്പെട്ടി തുറന്നുകിടക്കുന്നുണ്ട്. വായനിറച്ചും മിഠായി ആണ്. ഒരു പിടിവാരി അവൾ തന്റെ നേരെ നീട്ടി. "മോളുതന്നെ എടുത്തോളുട്ടോ. അമ്മയ്ക്ക് വേണ്ടാ." മുഖവും വീർപ്പിച്ചുകൊണ്ടവൾ അച്ഛന്റെ നേരെ തിരിഞ്ഞു. "അച്ഛാ ഈ അമ്മയെന്തിനാ കരയുന്നേ. എപ്പഴും ഇങ്ങനെത്തന്ന്യാ." "ബീനേ, മിഠായി നാ. അമ്മ നമ്മളോട് പിണക്കാത്രെ." ബീന ഒന്നും മനസ്സിലാകാതെ മിഴിച്ചിരിക്കയാണ്. മിനി ചോക്കലൈററ് ബീനയുടെ കയ്യിൽ വെച്ചുകൊടുത്തു. അവൾ അത് വായിലിട്ട് നൊട്ടിനുണക്കാൻ തുടങ്ങി. ആ ചലിക്കുന്ന കൺമണികൾ മനസ്സിലും ചലനങ്ങൾ സൃഷ്ടിച്ചു. താൻ വേഗം അകത്തേക്ക് നടന്നു.

രാത്രി ഊണ് കഴിക്കുമ്പോഴാണ് പ്രഭേട്ടൻ ചോദിച്ചത്—

"ശാരി ഒരു ഓപ്ററിമിസ്റ്റാണോ?" കാര്യം മനസ്സിലാവാതെ താൻ പറഞ്ഞു. "മിക്കവാറും അങ്ങനെത്തന്നെയാണ്. എന്തേ ചോദിക്കാൻ".

"ഞാൻ ബീനയുടെ കാര്യമാലോചിക്കയാണ് ശാരി. ആ പ്രകാശമററ കൊച്ചുകണ്ണുകൾ കാണുമ്പോഴെല്ലാം എനിക്കു വിഷമം വർദ്ധിക്കുകയാണ്. അവ പ്രകാശമുറ്റുന്നവയായി കാണാൻ ഞാൻ എന്തുവേണമെങ്കിലും ചെയ്യാൻ തയ്യാറാണ് ശാരി. എന്താണ് നീ ഒന്നും മിണ്ടാത്തത്".

താൻ ഒന്നും പറഞ്ഞില്ല. വെറുതെ പ്രഭേട്ടന്റെ നേരെ നോക്കിയിരുന്നു.

"ശാരി, നമുക്ക് നാളെത്തന്നെ ബീനയെ ഡോക്ടറെ കാണിച്ചുകൂടെ? ഒന്നു ശ്രമിച്ചു നോക്കാം. ദൈവംകൂടി സഹായിക്കട്ടെ".

"വേണ്ട, പ്രഭേട്ടാ. എനിക്കതോർക്കാൻ കൂടി വയ്യ."

"ശാരീ നീയിത്ര മണ്ടിയാണോ. ഒരു ചെറിയ ഓപ്പറേഷൻ മതി എല്ലാം ശരിയാവാൻ. നീയൊരു പെസിമിസ്റ്റാണോ ശാരി. മുത്തശ്ശിയുടെ ഫിലോസഫിതന്നെയാണോ നീയും പഠിച്ചത്."

"അതേപ്പററി എന്നോടൊന്നും ചോദിക്കരുതെ പ്രഭേട്ടാ. ബീനയെ ഞാൻ നോക്കിക്കൊള്ളാം."

കിടക്കുമ്പോഴും മനംനിറയെ ചിന്തകളുടെ വടംവലി നടക്കുകയായിരുന്നു. യാതൊരു തീരുമാനത്തിലെത്താനും തനിക്ക് കഴിഞ്ഞില്ല. കത്രികകളുടേയും, കത്തിയുടേയും കലപില ശബ്ദം നിറഞ്ഞ അന്തരീക്ഷമായിരുന്നു മനംനിറയെ. "ഇല്ല, ബീനേ. എനിക്കതോർക്കാൻകൂടി വയ്യാ മോളേ". താനവളെ കെട്ടിപ്പിടിച്ചുകിടന്നു.

*    *    *    *

ക്ലാസ്സിൽ പാഠമെടുത്തുകൊണ്ടിരിക്കുമ്പോഴാണ് കമ്പിശിപായി വന്നു വിളിച്ചത്. ബഷീറ് തന്നെ കാണണമെന്ന് പറയുന്നുണ്ടത്രെ. വേഗം വരാൻവേണ്ടി അവന്റെ ബാപ്പയാണ് കമ്പിയടിച്ചത്.

താൻ ലീവെടുത്ത്, പ്രഭേട്ടനേയും കൂട്ടി വേഗം തന്നെ ഹോസ്പിററലിലേക്ക് തിരിച്ചു. ഇരുപേരുടേയും മനസ്സുനിറയെ വ്യത്യസ്ത ചിന്തകളായിരുന്നു. ആരുമാരും ഒന്നും ഉരിയാടിയില്ല.

ബഷീറിന്റെ മുറിയിലെത്തിയപ്പോൾ കണ്ണും തുടച്ച് പുറത്തേക്ക് കടക്കുന്ന ബാപ്പയെയാണ് കണ്ടത്. നിറകണ്ണുകളോടെ ബാപ്പ തന്നെ നോക്കി പറഞ്ഞു.

"പോയി മോളെ. ഓൻ ഞമ്മളെ വിട്ടുപോയി."

താൻ ഉള്ളിലേക്ക് കടന്നപ്പോൾ കണ്ട രംഗം. ഓ! ഓർക്കാൻകൂടിവയ്യ. ആ സുന്ദരമായ മുഖത്ത് കണ്ണുകളുടെ സ്ഥാനത്ത് വെറും രണ്ടു വലിയ കുഴികൾ!! ഒന്നേ താൻ നോക്കിയുള്ളൂ. ആരോ; അപ്പോഴേക്കും മുണ്ടുവലിച്ച് മുഖത്തിട്ടു. അതിനടുത്ത ബെഡ്ഡിൽ ഉമ്മയുണ്ട് ബോധംകെട്ട് കിടക്കുന്നു. മെല്ലെ കണ്ണുതുടക്കാൻ താൻ തിരിഞ്ഞപ്പോഴുണ്ട്. പ്രഭേട്ടൻ മുഖം തുടക്കുന്നു. കൂട്ടത്തിൽ നിന്നാരോ പറയുന്നത് കേട്ടു. "കണ്ണിനു ഒരു പഴുപ്പാ ആദ്യം തൊടങ്ങീത്. ഓപ്പറേഷൻ രണ്ടുവട്ടം

ചെയ്തു. പെട്ടെന്ന് പനി തുടങ്ങി. പഴപ്പ് അധികമായിരുന്നു കേട്ടത്. സൊഹറാബാൻ വളരെ വെശമാണെന്ന് ശരീഫ് പറഞ്ഞു. ഉള്ളിലും പഴപ്പ് തുടങ്ങിയിരുന്നു പറഞ്ഞത്. ഡോക്ടറിന് ഒരിറ്റീസു പോലും പറഞ്ഞു. ഞങ്ങൾക്കത് തിരിഞ്ഞില്ല. ഇന്ന് വെളുക്കുമ്പം ബോധം വന്നപ്പോ യാ അവൻ ടീച്ചറെ കാണണമെന്ന് പറഞ്ഞത്. കഷ്ടം, പടച്ചോൻ അതിനുകൂടി ഇടകൊടുത്തില്ല''.

ഓരോ വാക്കും ഹൃദയത്തിൽ ആഞ്ഞു തറക്കുകയായിരുന്നു. ബഷീറിനെ അവസാനമായൊന്ന് കാണാൻപോലും കഴിയാത്തതിൽ വലിയ വ്യസനം തോന്നി.

പോകാൻനേരം ബാപ്പയോട് പറഞ്ഞു ''ഞങ്ങള് പോകട്ടെ. ബാപ്പ വിഷമിക്കരുത്.''

''പൊയ്ക്കോളി മക്കളെ. ബാപ്പാക്ക് വെഷമൊന്നും ഇല്ല്യ. അന്നും ബശീറ് പറഞ്ഞതാ കുഞ്ഞ് ഓപ്പ്രേശം ചെയ്യണമെന്ന്. എന്റെ ഖൽബുപോലെയാ മോളെ എനിക്ക ബശീർ. കണ്ണീർ തുടച്ചുകൊണ്ട് ബാപ്പ പറഞ്ഞു. എന്റെ മനസ്സ് അതിനു ശമ്മതിച്ചില്ല. അതിന്റെ ഫലം എനിക്കിപ്പം പടച്ചോൻ കാണിച്ചുതന്നത്. അല്ലാഹു പൊറുക്കട്ടെ. മോള് പൊയ്ക്കോ.''

പ്രഭേട്ടൻ നിശ്ശബ്ദനായിരുന്നു. ചിന്തയുടെ കെട്ടുപിണഞ്ഞ എട്ടുകാലി വലകളായിരുന്നു മനം നിറയെ. മനസ്സിൽ ''എസ്സ്''കളും ''നോ''കളും തമ്മിലുള്ള ഒരു വടംവലി നടക്കുകയായിരുന്നു. വീട്ടിലെത്തി ബീനമോളെ കണ്ടപ്പോൾ കഴിഞ്ഞ സംഭവങ്ങളുടെ ചിത്രങ്ങൾ മനസ്സിലൂടെ കടന്നുപോയി.

പിറ്റേ ദിവസം താൻ പറഞ്ഞു. ''പ്രഭേട്ടാ എനിക്ക് സമ്മതമാണ്.'' വടംവലിയിൽ ''എസ്സ്''തന്നെ വിജയം വരിച്ചിരിക്കയാണ്.

''ശരി, ഇതൊന്നു മാത്രമാണ് ഞാൻ കേൾക്കാനാഗ്രഹിച്ചിരുന്നത്. ബീനമോളെ എടുത്തോളൂ. സമയം വൈകിക്കേണ്ട. നമുക്കിപ്പോൾ തന്നെ പോകാം.''

ഐ സ്പെഷ്യലിസ്റ്റിന്റെ ഹോസ്പിറ്റലിനു മുമ്പിലാണ് കാറു നിന്നത്. നീണ്ട പരിശോധനക്കുശേഷം ഡോക്ടർ പറഞ്ഞു.

''എ സിമ്പ്ലി കെയ്സ്. ലെററ് മി ട്രൈ.''

ഹൃദയത്തിൽ ആയിരം മൊട്ടുസൂചികൾ ഒന്നിച്ചുതറക്കുന്ന വേദനയായിരുന്നു ബീനമോളെ സ്ട്രെച്ചറിലേക്കെടുത്തുവെച്ചപ്പോൾ അനുഭവപ്പെട്ടത്. ഓപ്പറേഷൻ തിയേറ്ററിനു മുമ്പിൽ നിന്നപ്പോൾ മനസ്സ് മുഴുവൻ മൂടിക്കെട്ടിയായിരുന്നു. പ്രഭേട്ടന്റെ മുഖത്ത് ഉൽക്കണ്ഠ തളംകെട്ടിനിന്നിരുന്നു. നിമിഷങ്ങൾക്ക് യുഗങ്ങളുടെ നീളം തോന്നി. ഡോക്ടർ വാതിൽ തുറന്ന് പുറത്തുവന്നു. സഹജമായ പുഞ്ചിരിയോടെ പറഞ്ഞു.

''നത്തിങ്ങ് ടു വറി, മിസ്റ്റർ പ്രഭാകർ''.

സമാധാനം തോന്നിയതപ്പോഴാണ്. പുറത്തേക്ക് കൊണ്ടുവന്നപ്പോൾ ബീനയുടെ കണ്ണുകൾ മരുന്നുവെച്ച് കെട്ടിയിരുന്നു. അവിടെത്തന്നെ അവളെ അഡ്മിറ്റുചെയ്തു. പ്രഭേട്ടനും താനും അവളുടെ അടുത്തുനിന്നും വിട്ടുപോകാറില്ല. മുത്തശ്ശിയും മിനിയും കൂടെത്തന്നെയാണ്.

ഒരാഴ്ചക്കുശേഷമാണ് ബാൻഡേജ് അഴിച്ചുമാറ്റിയത്. കണ്ണുകൾ അടഞ്ഞമട്ടിൽത്തന്നെയായിരുന്നു. പെട്ടെന്ന് മനസ്സിലേക്കടിച്ചു കയറിയത് ബഷീറിന്റെ മുഖമാണ്! മറക്കാൻ ശ്രമിച്ചിട്ടും ആ രൂപം തെളിഞ്ഞുവരികയാണ്. ദൈവമേ, ബീനക്കൊന്നും വരുത്തരുതേ. പ്രാർത്ഥനകളും ഉച്ചത്തിലായിപ്പോയി.

അല്പം കഴിഞ്ഞപ്പോൾ ബീന ഇമകൾ ചലിപ്പിക്കാൻ തുടങ്ങി. മെല്ലെ മെല്ലെ ആ കുഞ്ഞിക്കണ്ണുകൾ വിടർന്നുവരാൻ തുടങ്ങി. സന്തോഷംകൊണ്ട് താൻ മതിമറന്നിരുന്നു. ബീനമോളെ താൻ വാരിയെടുത്തു. ചുറ്റും കണ്ട പുത്തൻ ലോകത്തെ കൗതുകപൂർവ്വം വീക്ഷിക്കുകയാണാ കൊച്ചുസുന്ദരി. ''മോളെ അമ്മയ്യൊ ആരെന്താ.'' താൻ പറഞ്ഞു. തന്റെ കഴുത്തിൽ കെട്ടിപ്പിടിച്ച് കവിളത്തൊളൊരുമ്മതന്നു. ബീനമോൾക്കെല്ലാം പുതുമയായി കാണാം. മിനിയും മുത്തശ്ശിയും ''പോററി''യെ ശരണം പ്രാപിച്ചിരിക്കയാണ്. പുറത്തേക്കുപോയ പ്രഭേട്ടൻ തിരിച്ചുവരുന്നതു കണ്ടപ്പോൾ താൻ നീട്ടിവിളിച്ചു. ''പ്രഭേട്ടാ . . . .'' ഓടിയെത്തിയ പ്രഭേട്ടൻ ബീനയെ തന്റെ കയ്യിൽനിന്നും വാങ്ങി. ''ബീനമോളെ, അപ്പനെവിടെ''? ബീന കുഞ്ഞിക്കൈകൊണ്ട് അച്ഛന്റെ മിനുസമില്ലാത്ത മുഖത്ത് സംശയാസ്പദമായൊന്ന് തലോടി. കൈ

വേദനിച്ചിട്ടോ, എന്തോ അവൾ വേഗം കൈകൾ പിൻവലിച്ചു. പ്രഭേട്ടൻ അവളേയുംകൊണ്ട് അവിടമെല്ലാം നടന്നു. അപ്പോഴേക്കും മിനി മിഠായിപ്പൊട്ടിയുമായി ബീനയെ സമീപിച്ചു. രണ്ടുപേരുംകൂടെ മിഠായി ഓഹരിവെച്ച് തിന്നുന്നതു കണ്ടപ്പോൾ താൻ പ്രഭേട്ടന്റെനേരെ തൃപ്തിയടഞ്ഞ മാനസത്തോടെ ഒന്നു നോക്കി. പ്രഭേട്ടൻ സന്തോഷാശ്രുക്കൾകൊണ്ട് നിറഞ്ഞ കണ്ണാലെ അവരേയും തന്നേയും മാറി മാറി നോക്കി.

മിനി ചോദിക്കയാണ്. "ബീനാ നിനക്ക് ചേച്ചീടെ ഉടുപ്പ് ഇഷ്ടായോ. ഇനി ചേച്ചി മിഠായി കയ്യിതരണ്ടല്ലോ? എല്ലാം നീ എടുത്തതിന്നില്ലേ. നിന്നെ എന്തേ ഡാക്ടറ് ചെയ്തത്!" ബീന നന്നായൊന്നു ചിരിച്ചുകാണിച്ചുകൊടുത്തു. "ഇനി നമുക്കൊന്നിച്ച് കളിക്കാലോ അല്ലേ. ബീനേ, നാനീടെ കൂട്ട്യേ നിക്ക് ഇഷ്ടംതന്നെ ഇല്യ. വാ നമുക്ക് അമ്മേടടുത്തു പോവ്വാം."

മിനി അവളെ കൈപിടിച്ചു നടത്തിക്കൊണ്ടു വരുന്നതുകണ്ടപ്പോൾ പ്രഭേട്ടനും താനും അങ്ങോട്ടു ചെന്നു. ഞങ്ങളെല്ലാം സന്തോഷത്തിന്റേതായ ലോകത്തിൽ മറന്നാഹ്ലാദിക്കയായിരുന്നു. മുത്തശ്ശിയും അങ്ങോട്ടുവന്നു.

"മോനെ, പ്രഭക്കുട്ട്യേ. കാര്യം ഒക്കെ ഭഗവാൻ ശരിയാക്കിത്തന്നില്ലേ. ഞാനാദ്യേ വിചാരിച്ചതാ സുഖായാല് ഗുരുവായൂരൊന്ന് പോണന്ന്. എന്റെ ആശ ഫലിച്ചു. ബീനേംകൂട്ടി നമുക്കൊന്നവിടെററം പോവ്വാ?"

"മുത്തശ്ശി, ഇപ്പൊത്തന്നെ പോവാലൊ? ഞാൻ ഡോക്ടറുടെ സമ്മതം വാങ്ങിവരാം."

ബീനമോളെ കയ്യിലെടുത്ത് മുത്തശ്ശി കാറിലേക്ക് കയറിയപ്പോൾ താൻ ഭയപ്പെട്ടു. "അവളെങ്ങാൻ വീണുപോയാലൊ?"

അച്ഛൻ ബീനയെ എപ്പോഴും ലാളിക്കുന്നതു കണ്ടപ്പോൾ മിനിക്കൊരു സംശയം:

"അച്ഛന് മിന്യേ ഇഷ്ടല്ല്യേ." കരച്ചിലിന്റെ വക്കത്തെത്തിയിരുന്നു അവളുടെ ശബ്ദം.

"അച്ഛന് മിന്യേം, ബീന്യേം ഇഷ്ടാണല്ലോ." രണ്ടുപേരുടെ കവിളത്തും ഓരോരുമ്മകൊടുത്തുകൊണ്ട് പ്രഭേട്ടൻ പറഞ്ഞു.

അതിനിടയിൽ മുത്തശ്ശി പറഞ്ഞു.

"എല്ലാം ഭഗവാന്റെ കളിയാ മക്കളെ."

പ്രഭേട്ടൻ, മെല്ലെ തന്റെ നേരെ ഒന്നൊളിഞ്ഞുനോക്കി ചിരിച്ചു. തനിക്കും ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

കിഴക്കുനിന്നും കുണുങ്ങിവന്ന കാറ്റ് ബീനയുടെ കുഞ്ഞിക്കവിളത്ത് തലോടിക്കൊണ്ട് കടന്നുപോയപ്പോൾ, പ്രകാശംകണ്ട് മതിവരാത്ത അവൾ കൊച്ചുകൈകൾ കൊട്ടിച്ചിരിക്കാൻ തുടങ്ങി. ഹൃദയത്തിൽ ആഹ്ലാദം അലയടിക്കുകയായിരുന്നു, കണ്ണുകളിൽ സന്തോഷത്തിന്റെ കണ്ണുനീരും!!

# ഓർമ്മകൾ

(മനരിക്കൽ, തിരൂരങ്ങാടി)

വേദന . . . . അസഹ്യമായ വേദന . . . .

ശരീരത്തിനല്ല. ഹൃദയത്തിനാണു്.

പുറത്തു് മഴ തകർക്കുന്നുണ്ടു്. എന്തൊരു തണുപ്പാണു്. എന്നിട്ടും ശരീരം വല്ലാതെ വിയർത്തിട്ടുണ്ടു്.

പടിഞ്ഞാറെ ജനവാതിൽ തുറന്നു പുറത്തേക്കു നോക്കി. മനസ്സു് പുകയുകയാണു്. അന്തമില്ലാത്ത വിചാരങ്ങളിൽ വീർപ്പുമുട്ടി എത്രനേരം അങ്ങിനെ നിന്നെന്നറിഞ്ഞുകൂടാ.

പെട്ടെന്നു്, പടിഞ്ഞാറൻ ചക്രവാളത്തിന്റെ തെക്കേ കോണിൽ ഒരു കൊള്ളിയാൻ മിന്നിമറഞ്ഞു. തുടർന്നു് ഇടിയും.

ജനൽപാളികൾ വലിച്ചടച്ചു് കട്ടിലിൽ വന്നു വീണു. ഉറങ്ങാൻ കഴിയുന്നില്ല. കണ്ണടച്ചു് കിടന്നുനോക്കി. ഇല്ല. നിദ്രാദേവി തിരിഞ്ഞുപോലും നോക്കിയില്ല.

ഓർമ്മിക്കാൻ ശ്രമിച്ചു. നീണ്ട വർഷങ്ങൾ പലതും കഴിഞ്ഞു; ജനിച്ചു് വളർന്ന നാട്ടിൻപുറവുമായി പിരിഞ്ഞിട്ടു്. കാലം എത്രവേഗത്തിലാണു് പറന്നുപോയതു്. ശബ്ദവേഗത്തിൽ സഞ്ചരിക്കുന്ന ഒരു റോക്കറ്റു് പോലെയാണതു്.

അലക്ഷ്യമായ നഗരജീവിതത്തിന്നിടക്കു് ഒരിക്കലെങ്കിലും തന്റെ കൊച്ചുഗ്രാമത്തെക്കുറിച്ചോർമ്മിക്കാൻ ശ്രമിച്ചുവോ? കാണുകയില്ല.

കേരവൃക്ഷത്തോപ്പുകളും പച്ചപിടിച്ച നെൽപാടങ്ങളും മാത്രമുള്ള നാട്ടിൻപുറത്തിന്റെ സന്തതിയാണു് ഞാൻ.

വീട്ടിൽനിന്നു എഴുത്തു് പലതും വന്നു. പക്ഷെ അതൊന്നും താനിതുവരെ കാര്യമായെടുത്തിരുന്നില്ല. അപ്പച്ചന്റെ വകയായിരുന്നു എല്ലാം.

ഇന്നലെ വീണ്ടും ഒരെഴുത്തു് വന്നിരിക്കുന്നു. അപ്പച്ചനല്ല എഴുതിയിരിക്കുന്നതു്. പെങ്ങളാണു്. അവളുടെ കല്യാണത്തിന്നു് ചെല്ലണമെന്നഭ്യർത്ഥിച്ചുകൊണ്ടു്. അപ്പച്ചൻ എഴുതിയാൽ വരില്ലെന്നറിവുള്ളതുകൊണ്ടാണുപോലും പെങ്ങൾതന്നെ എഴുതുന്നതു്.

ചിന്തിച്ചു. ഒരു ദിവസം മുഴുവനും. തന്നെ ആട്ടിപ്പുറത്താക്കിയ വീട്ടിലേക്കു് വീണ്ടും കയറിച്ചെല്ലാൻ മടിതോന്നി.

എന്തു് ചെയ്യണമെന്നറിയാതെ മനസ്സു് നൊമ്പരപ്പെടുകയാണു്. പെങ്ങളോടുള്ള സ്നേഹം ഒരു വശത്തു്. അപ്പച്ചനോടും ചിറ്റമ്മയോടുമുള്ള വിദ്വേഷം മറുവശത്തു്.

വേദനിപ്പിക്കുന്ന ഓർമ്മകൾ തികട്ടിത്തികട്ടി വരികയാണു്.

ചിറ്റമ്മയെക്കുറിച്ചോർക്കുമ്പോൾ കോപം കൊണ്ടു് ശരീരം വിറകൊള്ളും. പെങ്ങളെയും തന്നെയും അവർ പലതരത്തിലും ദ്രോഹിച്ചുകൊണ്ടിരുന്നു. കുത്തുവാക്കുകൾ പലപ്പോഴും കേൾക്കേണ്ടിവന്നിട്ടുണ്ടു്. എല്ലാം കേട്ടില്ലെന്നു് നടിക്കുകയായിരുന്നു.

പത്താംതരംവരെ പഠിച്ചു. പാസ്സായി. അതാണു് താൻചെയ്ത തെറ്റു്. തുടർന്നു് പഠിക്കണമെന്നുണ്ടായിരുന്നു. പക്ഷെ ആരോടു് പറയും? അപ്പച്ചനോടു് പറഞ്ഞാൽ നടപ്പില്ലെന്നറിയാമായിരുന്നതുകൊണ്ടു് മൌനം ദീക്ഷിച്ചു.

ഒരു ജോലികിട്ടാനായിരുന്നു അടുത്ത ശ്രമം. പല വാതിലുകളിലും മുട്ടിനോക്കി. പക്ഷെ, അതൊന്നും തനിക്കുവേണ്ടി തുറക്കപ്പെട്ടില്ല. ബിരുദധാരികളായ ഒട്ടേറെ യുവാക്കന്മാർ ജോലിയില്ലാതെ അലഞ്ഞു് നടക്കുമ്പോൾ, പത്താംതരക്കാരനായ ഒരുവന്നു് ജോലി നല്കാൻ ആരും തയ്യാറായില്ല.

വീട്ടിലേക്കു് കയറിച്ചെല്ലുമ്പോൾ പേടിയാണു്. ചിറ്റമ്മയുടെ ക്രൂരമായ നോട്ടവും ഹൃദ

യത്തിന്റെ അടിത്തട്ടോളം ആഞ്ഞിറങ്ങുന്ന കുത്തുവാക്കുകളും താങ്ങാൻ തനിക്കു് കഴിവുണ്ടായിരുന്നില്ല.

എങ്കിലും വിശപ്പു് സഹിക്കാനാവാതെ വരുമ്പോൾ ഒരു പൂച്ചക്കുട്ടിയെപ്പോലെ പതുങ്ങിപ്പതുങ്ങി വീട്ടിലേക്കു് കടന്നുചെല്ലും.

വിശപ്പടക്കാൻ വല്ലതും വിളമ്പിത്തരുന്നതു് പെങ്ങളായിരിക്കും. അവൾ സ്നേഹമുള്ളവളാണു്. തനിക്കുവേണ്ടി അവൾ പലപ്പോഴും വേദന സഹിച്ചിട്ടുണ്ടു്.

ഇന്നും നല്ലപോലെ ഓർമ്മയുണ്ടു്. ഒരുച്ച നേരത്താണു്. നല്ല വിശപ്പുണ്ടു്. വല്ല എഴുത്തുമുണ്ടോ എന്നറിയാൻ പോസ്റ്റാഫീസുവരെ പോയതായിരുന്നു. എന്നും അതു് പതിവാണു്. ശുഭാപ്തിവിശ്വാസത്തോടെ വീട്ടിൽനിന്നിറങ്ങും. നിരാശയോടെ തിരിച്ചുവരും.

അന്നു് പതിവിന്നു് വിപരീതമായി സന്തോഷത്തോടുകൂടിയാണു് വീട്ടിലേക്കു് മടങ്ങിയതു്.

ഒരു ‘ക്ലാർക്കാ’യി താൻ നിയമിക്കപ്പെട്ടിരിക്കുന്നു. വീട്ടിൽനിന്നും അഞ്ഞൂറു് നാഴികയകലെയുള്ള പട്ടണത്തിലെ ഒരു ഫാക്ടറിയിൽ.

ദിവാസ്വപ്നത്തിൽ മുഴുകി നടന്നതുകൊണ്ടു് വീട്ടുപടിക്കലെത്തിയതറിഞ്ഞില്ല. ചിറ്റമ്മ കൊച്ചുപെങ്ങളെ ശകാരിക്കുന്നതു് കേട്ടാണു് ചിന്തയിൽ യിൽനിന്നു് ഞെട്ടിയുണർന്നതു്.

പടികടന്നു് ചെല്ലുന്ന തന്നെ അവർ കണ്ടു. “വരുന്നുണ്ടു് ആപ്പീസറു്, ഇവിടെ വിളമ്പിവെച്ചിരിക്കല്ല്യോ, കേറിവന്നപാടെ തിന്നാൻ”.

സഹിക്കാൻ കഴിഞ്ഞില്ല. തന്റെ അഭിമാനത്തിനേറ്റ ഒരു കൂരമ്പായിരുന്നു അതു്. ഹൃദയത്തിന്റെ അടിത്തട്ടോളം അതാഞ്ഞു് തറച്ചു.

വിങ്ങിപ്പൊട്ടിപ്പോയി. മുറിയിൽ കടന്നു് വാതിലടച്ചു് കട്ടിലിലേക്കു് വീഴുകയായിരുന്നു. തലയിണയിൽ മുഖമമർത്തി ഒത്തിരി കരഞ്ഞു. നിയന്ത്രിക്കാൻ ശ്രമിച്ചുനോക്കി. കഴിയുന്നില്ല.

അല്പം മുമ്പു് കൊളുത്തപ്പെട്ട സന്തോഷത്തിന്റെ നാളം പെട്ടെന്നാണു് ഊതിയണക്കപ്പെട്ടതു്. എത്രനേരം അങ്ങിനെ കിടന്നെന്നറിഞ്ഞുകൂടാ.

ചില തീരുമാനങ്ങളെല്ലാമെടുത്തുകൊണ്ടാണു് മുറിയിൽനിന്നു പുറത്തു് കടന്നതു്. നല്ല വിശപ്പും ദാഹവുമുണ്ടു്. തലേന്നു് രാത്രി ഭക്ഷണം കഴിച്ചതാണു്.

കിണറ്റിൻ കരയിൽചെന്നു് കയ്യും മുഖവും കഴുകി. കുറെ തണുത്തവെള്ളം അകത്താക്കിയപ്പോൾ അല്പം സുഖം തോന്നി.

നേരം സന്ധ്യമയങ്ങിയിരുന്നു. മുറിയിൽ കടന്നു് വാതിലടച്ചു. പെങ്ങൾവന്നു് വിളിച്ചു; “അച്ചായാ, ഊണു് കഴിക്കുന്നില്ലേ”? “എനിക്കു വേണ്ട. ലില്ലി പൊയ്ക്കോളൂ”.

പക്ഷെ പെങ്ങൾ പോകാനുള്ള ഭാവമുണ്ടായിരുന്നില്ല. അവസാനം പെങ്ങളുടെ നിർബ്ബന്ധത്തിന്നു് വഴങ്ങേണ്ടിവന്നു.

ഊണു് കഴിച്ചെന്നു് വരുത്തി. കൈ കഴുകി എഴുന്നേറ്റു. മുറിയിൽ കടന്നു് കട്ടിലിൽ കയറിക്കിടന്നു. നല്ല ക്ഷീണമുണ്ടായിരുന്നതു് കൊണ്ടാവണം പെട്ടെന്നു് ഉറക്കം വന്നു.

പാതിരാക്കോഴി കൂകുന്ന ശബ്ദം കേട്ടാണു് ഉറക്കമുണർന്നതു്. വീട്ടിലെല്ലാവരും നല്ല ഉറക്കമാണു്.

ശബ്ദമുണ്ടാക്കാതെ വാതിൽ തുറന്നു് പുറത്തു് കടന്നു. കനത്ത കൂരിരുട്ടാണു്. അങ്ങകലെനിന്നും ഒരു കൂമൻ നീട്ടിനീട്ടി മൂളുന്നതൊഴിച്ചാൽ എങ്ങും വർദ്ധിച്ച പ്രശാന്തതയാണു്.

തീവണ്ടിയാപ്പീസു് ലക്ഷ്യംവെച്ചാണു് നടന്നതു്. നടക്കുകയായിരുന്നില്ല. കൂരിരുട്ടിനെ കീറിമുറിച്ചു് ഒരു ഭ്രാന്തനെപ്പോലെ ഓടുകയായിരുന്നു. പുലരുന്നതിന്നു് മുമ്പുള്ള വണ്ടിക്കു് ആപ്പീസിലെത്തണം. വീട്ടിലെല്ലാവരും ഉറക്കമുണരുമ്പോൾ അങ്ങു് ദൂരെ ദൂരെ എത്തിയിട്ടുണ്ടാകണം.

വിജനമായ നാട്ടുപാതയിലൂടെ കുറെ ദൂരം നടന്നപ്പോൾ പേടി തോന്നി. ഒരൊറ്റ നക്ഷത്രംപോലും ആകാശത്തിലെങ്ങുമില്ല. കൂകിത്തളർന്ന രാപ്പാടികൾ വീണ്ടും ഉറക്കം പിടിച്ചിരിക്കുന്നു. മൂടൽമഞ്ഞു് കലർന്ന ഭൂമിയിൽ കേരവൃക്ഷങ്ങൾ ചലനമില്ലാതെ നില്ക്കുന്നു. ഒരു പറ്റം പിശാചുക്കളെപ്പോലെ.

നാലു് നാഴികയോളം നടന്നാണു് തീവണ്ടിയാപ്പീസിലെത്തിയതു്. പുലരാനിനിയും കുറെ സമയം കൂടി കഴിയണം.

വണ്ടിവരാൻ സമയമായെന്നു് സൂചിപ്പിയ്ക്കുന്ന മണിയുടെ ശബ്ദം ശാന്തമായിരുന്ന അന്തരീക്ഷത്തെ ചലനാത്മകമാക്കി.

അല്പം കഴിഞ്ഞപ്പോൾ തല നോവിക്കുന്ന ചൂളം വിളിയോടെ ഭൂമികുലുക്കിക്കൊണ്ടു് ഒരു തീവണ്ടി കുതിച്ചെത്തി.

വഴിയിലുള്ള എല്ലാ ആപ്പീസിൽനിന്നും യാത്രക്കാരെയും വഹിച്ചു്, അങ്ങകലെയുള്ള പട്ടണത്തെ ലക്ഷ്യംവെച്ചുകൊണ്ടു് തീവണ്ടി അതിന്റെ ജൈത്രയാത്ര തുടർന്നുകൊണ്ടിരുന്നു. ജനബാഹുലമായ ഈ വലിയ നഗരമദ്ധ്യത്തിലെത്തുന്നതുവരെ.

നാളെ, വീണ്ടും തന്റെ കൊച്ചു ഗ്രാമത്തിലേക്കു് തിരിച്ചു് പോകുകയാണു്. തന്റെ പ്രിയപ്പെട്ട സഹോദരിയുടെ കല്യാണാഘോഷത്തിൽ പങ്കുകൊള്ളാൻ.

അർദ്ധരാത്രി കഴിഞ്ഞുകാണും. പട്ടണം മുഴുവനും ഗാഢനിദ്രയിലാണ്ടുകിടക്കുകയാണു്. എന്നിട്ടും താനിതുവരെ ഉറങ്ങിയിട്ടില്ല. പ്രപഞ്ചം മുഴുവനും ഉറങ്ങിക്കിടക്കുന്ന ഈ സമയത്തു് പഴയ ഓർമ്മകളുടെ വിരിമാറിൽ വിഹരിക്കുകയാണു് താൻ.

നിദ്രാദേവി കൺപോളകളെ സാവധാനം തഴുകാൻ തുടങ്ങിയിരിക്കുന്നു. അപ്പോഴും ചുണ്ടുകൾ അവ്യക്തമായി മന്ത്രിച്ചുകൊണ്ടിരുന്നു.

നാളെ . . . . . നാ . . . ളെ . . . . . നാ . . .

# പറയാൻവിട്ട പദങ്ങൾ

(ഹമീദ് ചേന്ദമംഗല്ലൂർ, II B. A.)

ഇനിയുമിതു സഹിച്ചുകൂട—സഹിക്കാവുന്നതിലേറെ ഇപ്പോൾതന്നെ സഹിച്ചുകഴിഞ്ഞു. ചുമക്കാവുന്നതിലധികം ചുമന്നുകഴിഞ്ഞു. ഇനിയെങ്കിലും ദുർവ്വഹമായ ഈ ഭാരം എവിടെയെങ്കിലും, എന്തിനെയെങ്കിലും ഒന്നിറക്കിവെക്കണം; എങ്കിലേ തപ്തമായ ഹൃദയമൊന്നു തണുപ്പണിയൂ.

"മോറൽ കവേഡ്!"

ആ സംബോധന എത്ര തവണ കേൾക്കേണ്ടിവന്നു! ഉരുക്കിയ ഈയത്തിന്റെ ചൂടുള്ള, പഴുക്കനിരുമ്പിന്റെ കനമുള്ള ആ പദദ്വയം കാതുകളിൽ വന്നലയ്ക്കുന്ന ഓരോ സന്ദർഭത്തിലും ആത്മാവുകിടന്നു പിടയുകയായിരുന്നു.

ഇസ്തിരിയിടാത്ത ഓവർകോട്ടും മിനുമിനുപ്പില്ലാത്ത ടൈയും ഒഴുക്കൻ പേൻറും ധരിച്ച് അദ്ദേഹം ക്ലാസ്സിലേയ്ക്ക് കയറുമ്പോഴേയ്ക്ക് തുടങ്ങും, കൂക്കിവിളി. ഹാജർവിളിയുടെ അഞ്ചുനിമിഷം ക്ലാസ്സൊരു മത്സ്യച്ചന്തയായിമാറും.

"എന്താ സേർ, ഈ കൂക്കിവിളിയുടെ മനഃശ്ശാസ്ത്രം?"

ഖാദറും സോമനുമിരിക്കുന്ന ഇടത്തേ മൂലയിൽനിന്നാണതുയരുക. അദ്ദേഹം സൈക്കോളജി ലെക്ചററാണല്ലോ; അപ്പോൾ അതുതന്നെ ആളെവെക്കാവുന്ന ചോദ്യം.

"ഹച്ച്...."

തുടർന്നുയരുന്ന തുമ്മുകയാണെന്ന വ്യാജേനയുള്ള ആ ശബ്ദവൈകൃതം ചോദ്യത്തിന്നകമ്പടി സേവിച്ചുകൊണ്ടാണ് പുറപ്പെടുക. ആ ശബ്ദം മുഴങ്ങുമ്പോൾ ക്ലാസ്സു കൂട്ടച്ചിരിയാൽ മുഖരിതമാവും. അതിന്റെ സ്രഷ്ടാവിനെ കണ്ടുപിടിക്കാൻ അദ്ദേഹത്തിന്നു കഴിയില്ല.

"ഹച്ച്....ഹച്ച്...."

പൂർവ്വാധികം ശക്തിയിൽ വീണ്ടും ആ വികലനാദമുയരുമ്പോൾ കഴുത്തിൽ മുറുകാതെ കിടക്കുന്ന അദ്ദേഹത്തിന്റെ ടൈ തുള്ളിവിറയ്ക്കും. ചുളിവീണുതുടങ്ങിയ ആ കവിൾത്തടം ചുകന്നുവശാകും.

"ഹൂ ഈസ് ദാററ് റാസ്കൽ? ബ്ലഡി ഇഡിയററ്!"

"മിയാള..."

ആ ശബ്ദം പൊട്ടിവീണതെവിടെനിന്നാണെന്നു ചോദിച്ചാൽ ദൈവത്തിന്നുപോലും കൈമലർത്തേണ്ടിവരും. അത്രയ്ക്കു നിഗൂഢമായാണ് ആ 'പൂച്ച' കരയുക.

"ടെൽ മി ഹൂ ഈസ് ദാററ് റോഗ്; അദർവൈസ് ഐ കാൺട് പ്രൊസീഡ്."

"അതു റോഗല്ല, കേററാണ് സേർ." ആളെ തിരിച്ചറിയാനൊക്കാത്തവണ്ണം ഉയരുന്ന ആ വാക്കുകൾ കാതിൽ പതിയുമ്പോൾ അദ്ദേഹത്തിന്റെ മസ്തിഷ്കങ്ങൾ വലിഞ്ഞുമുറുകും. എന്തുചെയ്യണമെന്നറിയാതെ അദ്ദേഹമലറും:

"ക്ലാസ്സിൽ ചിലർ ഇന്നൊസൻറാണെന്നെനിക്കറിയാം. ബട്ട് ദെ ആർ മോറൽ കവേഡ്സ്. കുററവാളികളെ വെളിച്ചത്തുകൊണ്ടുവരാൻ അവർ മടിക്കുന്നു."

"ബട്ട് ദെ ആർ മോറൽ കവേഡ്സ്." മജീദിന്റെ ഹൃദയത്തിൽ സൈക്കോളജി ലെക്ചറുടെ ആ വാക്കുകൾ ശക്തിയിൽ പ്രതിദ്ധ്വനിച്ചുകൊണ്ടിരുന്നു.

അതേ, ഇന്നലെവരെ താൻ ധാർമ്മിക ഭീരുക്കളിൽ ഒരാളായിരുന്നു. പക്ഷേ ഇന്നങ്ങിനെയല്ല. ഇന്നുമുതൽ ധാർമ്മിക ഭീരുത്വംതന്നെ വിട്ടുപിരിഞ്ഞിരിക്കുന്നു. ഇന്നെങ്കിലും എല്ലാം തുറന്നുപറയണം. ക്ലാസ്സിൽ കൂക്കിവിളിക്കുന്ന തെമ്മാടികളെ ഇനിയും തിരശ്ശീലയ്ക്കുപിന്നിൽ സുരക്ഷിതമായിരുത്തിക്കൂട. അപരാധികളെ കണ്ടുപിടിക്കുന്ന കാര്യത്തിൽ അമ്പേ ദുർബ്ബലനായ അദ്ദേഹത്തെ കുരങ്ങു

കളിപ്പിയ്ക്കാൻ, തന്റെ സുഹൃത്തുക്കളെങ്കിലും, മേലിൽ അവരെ അനുവദിച്ചുകൂട.

കോളേജ് ഗേററിൽ മജീദ് റീത്തയെ കണ്ടുമുട്ടി.

"ഗുഡ്മോണിംഗ്, മിസ്റ്റർ മജീദ്."

പ്രത്യഭിവാദനം നടത്തിയപ്പോൾ മജീദിനു അക്കാര്യം റീത്തയോട് പറയാൻ ഉൽക്കടമായ ആഗ്രഹം തോന്നി. കോളേജ് ജീവിതം കേവലം റൊമാൻസായിമാത്രം കരുതാത്ത, ഇത്തിരി കാര്യവിവരമുള്ള പെൺകുട്ടിയാണ് റീത്ത. മിക്കപ്പോഴും വെളുത്ത വസ്ത്രങ്ങളണിയുന്ന ആ പതിനെട്ടുകാരി പലർക്കും ഒരു നിഗൂഢപ്രതിഭാസമാണ്. കാമുകവേഷം കെട്ടാൻവേണ്ടി മാത്രം കലാലയത്തിന്റെ മതിൽക്കെട്ടിനുള്ളിൽ വിരാജിക്കുന്ന പൂവാലന്മാർ നൂറുശതമാനം മുട്ടുകുത്തിയതു അവളുടെ മുമ്പിൽ മാത്രമാണ്. അക്കാരണത്താൽത്തന്നെ മജീദ് റീത്തയെ ബഹുമാനിയ്ക്കുന്നു.

"ഞാനിന്നൊരു വലിയകാര്യം ചെയ്യാൻ പോകുന്നു, റീത്താ." മജീദ് സഹജമായ പുഞ്ചിരിയോടെ തുടങ്ങി.

"ചെറുതൊക്കെ ചെയ്തുകഴിഞ്ഞോ വലിയതിലേയ്ക്ക് കടക്കാൻ?"

"എന്നു കരുതുന്നു."

"എന്താണാവോ ഇത്ര വലിയ കാര്യം?"

മജീദിന്റെ മുഖത്ത്നിന്നു പുഞ്ചിരി പെട്ടെന്നു മാഞ്ഞു മറഞ്ഞു.

"വലിയ കാര്യമാണോ അതെന്ന്... ഇപ്പോൾ ഞാൻ സംശയിക്കുന്നു. ഇതു ഞാൻ നേരത്തേ ചെയ്യേണ്ട ചെറിയ കാര്യമായിരുന്നില്ലേ?"

"ആളെ സസ്പെൻസാക്കുന്നതു മജീദിന്റെ സ്വഭാവമാണ്. കാര്യമിങ്ങ് തുറന്നു പറയൂ, വളച്ചൊടിക്കാതെ."

"ഇന്നു സൈക്കോളജിക്ലാസ്സിൽ ബഹളമുണ്ടായാൽ അതുണ്ടാക്കുന്നവരുടെ പേരെടുത്ത് ഞാൻ റിപ്പോട്ട് ചെയ്യും." മജീദ് ഒററശ്വാസത്തിൽ പറഞ്ഞുതീർത്തു.

റീത്ത അല്പനേരത്തേയ്ക്ക് ഒന്നും ശബ്ദിച്ചില്ല. അവൾ എന്തോ ആലോചിക്കുന്നപോലെ തോന്നി മജീദിനും.

"എന്താ റീത്തയ്ക്കിത് പിടിച്ചില്ലേ?"

"പിടിക്കായ്കയല്ല."

"പിന്നെ?"

"ഞാനാലോചിക്കയായിരുന്നു, അതുമൂലമുണ്ടാകാവുന്ന ഭവിഷ്യത്തുകളെപ്പററി."

"ഭവിഷ്യത്തുകൾ! മണ്ണാങ്കട്ടയാ. റീത്തയൊന്നാലോചിച്ചുനോക്കൂ, സഹദേവൻസാർ ക്ലാസ്സിൽ കിടന്നു പൊരിയുന്നത്. ഈ കൊല്ലമവസാനിക്കാറായില്ലേ? എന്നിട്ടും . . . ."

"ശരിയാണ്. പക്ഷേ . . . ."

"പിന്നെയെന്ത് പക്ഷേ?"

"പേർ റിപ്പോട്ട് ചെയ്താൽ അവരും അവരുടെ ശിങ്കിടികളും മജീദിന്നെതിരിൽ തിരിയില്ലേ?"

"അവർ തോന്നിയപോലെ ചെയ്തുകൊള്ളട്ടെ. എനിക്കിനിയും 'മോറൽ കവേഡ്' എന്ന വിളിയും കേട്ടിരുന്നുകൂട."

അത്രയുമായപ്പോഴേയ്ക്കും അവർ കോളേജ് വരാന്തയുടെ പടവുകളിലെത്തിക്കഴിഞ്ഞിരുന്നു. തെല്ലിട മൗനം ദീക്ഷിച്ച റീത്ത വെയിററിംഗ് റൂമിലേയ്ക്ക് തിരിയുന്നതിനുമുമ്പേ പറഞ്ഞു:

"മജീദ് ചെയ്യാൻ പോകുന്നതു് വലിയ കാര്യം തന്നെയാണ് . . ."

റീത്ത പറഞ്ഞു നിറുത്തിയപ്പോൾ അനുബന്ധമായി എന്തോ ചിലതുകൂടി പറയാൻ അവളാഗ്രഹിച്ചിരുന്നില്ലേയെന്ന് മജീദിനു തോന്നി. അതു പറയാൻ അവൾ മടിച്ചതാണോ, അതോ വെയിററിംഗ് റൂമിന്റെ വാതില്ക്കലെത്തിപ്പോയതു കൊണ്ടു നിറുത്തിയതോ?

സെക്കന്റ് ഹവർ സൈക്കോളജിയായിരുന്നു.

അഞ്ചാമത്തെ മണിക്കൂറിൽ പൊളിററിക്സ് നോട്ട് എഴുതിക്കൊണ്ടിരിക്കുമ്പോഴാണ് കയ്യിലൊരു കടലാസ്സുമായി പ്യൂൺ കയറിവന്നതു്.

"ദി ഫോളോയിംഗ് സ്റ്റുഡന്റ്സാർ വാണ്ടഡ് ബൈ ദി പ്രിൻസിപ്പൽ:"

"ഖാദർ, രവി, സോമൻ, മൊയ്തു."

പാഠങ്ങളിൽ കൊച്ചുതോണികളും നൊ യിൽ കുരുവിക്കൂട്ടമായി നാലുപേരും ക്ലാസ്സിൽ

നിന്നു പുറത്തുകടന്നപ്പോൾ റീത്ത മജീദിനെ ഒളിഞ്ഞുനോക്കി. വിജയഭാവമായിരുന്നു അവൻെറ മുഖത്ത് പ്രകാശിച്ചിരുന്നത്.

ലോംഗ്ബെൽ മുഴങ്ങി. വളഞ്ഞുപുളഞ്ഞു പോകുന്ന വരാന്തയിൽ വിദ്യാർത്ഥികളുടെ പ്രവാഹമാരംഭിച്ചു. ലൈബ്രറിയുടെ മുമ്പിൽ പതിവിൻപടി ഒരു പററം ഫിററ്ഫേൻറുകാർ നില്പുറപ്പിച്ചു കഴിഞ്ഞിരിക്കുന്നു, കുമാരിമാരുടെ കടാക്ഷങ്ങളും പ്രതീക്ഷിച്ചുകൊണ്ട്, അക്ഷമരായി.

ഖാദറും കൂട്ടുകാരും പതിവിന്നു വിപരീതമായി വൈകിയാണവിടേയ്ക്ക് വന്നതും. സാധാരണ കാണുന്ന നിസ്സാരഭാവമായിരുന്നില്ല അവരുടെ മുഖങ്ങളിൽ.

“റിപ്പോർട്ട് ചെയ്തത് മജീദാണ്.” സോമൻ പറഞ്ഞു.

“ആരുപറഞ്ഞു?” ഖാദർ ആരാഞ്ഞു,

“അവനിക്കാര്യം ഇന്നുരാവിലെ റീത്തയോട് പറയുന്നത് കേട്ടെന്നു നമ്മുടെ മല്ലിക പറഞ്ഞു.”

“ഓഹോ! ആ നായയാണല്ലേ ഇതു ചെയ്തത്! ഉം!! അവന്നടുത്തകൊല്ലം സ്പീക്കറാകണമെന്നുണ്ട്, സ്പീക്കർ!”

“നാളെത്തന്നെ ഗാർഡിയനെക്കൂട്ടി വരണമെന്നല്ലേ പ്രിൻസിപ്പൽ പറഞ്ഞത്?” രവിയുടെ സ്വരത്തിൽ വേണ്ടാതനത്തിന്നു പോകേണ്ടായിരുന്നുവെന്ന ധ്വനി വളരെ പ്രകടമായിരുന്നു.

“അതു സാരമില്ലെടോ. ഗാർഡിയനെ കിട്ടാനുണ്ടോ ഇവിടെ വിഷമം? ചിലപ്പോൾ ഒരപ്പോളജിയും എഴുതിക്കൊടുക്കേണ്ടിവരും. നോട്ട്സിൽ എത്ര പേജുണ്ട് എഴുതാത്തത്!” മൊയ്തു മററുള്ളവരെ സമാശ്വസിപ്പിയ്ക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

*          *          *          *          *

എരിഞ്ഞു പ്രകാശിച്ചുകൊണ്ടിരുന്ന ആകാശത്തിൻെറ മുഖഛായ മാറിയതു് പെട്ടെന്നാണ്. ഉഷ്ണതോഴനായ സൂര്യനെ വാനം ക്രമേണ ക്രമേണ അകററിനിറുത്താൻ തുടങ്ങി. കറുത്തിരുണ്ട മേഘപാളികളോടായി അവളുടെ പുതിയ കൂട്ടുകെട്ട്.

രണ്ടുമാസത്തെ നീണ്ട വേർപാടിന്നുശേഷം പലരും കോളേജ് വളപ്പിൽ പ്രവേശിച്ചതു പുത്തൻ വിശേഷങ്ങളുമായാണ്. മജീദിനെ സംബന്ധിച്ചിടത്തോളം വിശേഷങ്ങൾ കുറവായിരുന്നു. എങ്കിലുമവൻ ഒരു കാര്യമറിയാൻ തിടുക്കം കൊണ്ടു. ആരോട് ചോദിയ്ക്കണമത്? ഓ, അതാരോടും ചോദിയ്ക്കാമല്ലോ.

അതാ വരുന്നു റീത്ത; അവളോട്തന്നെയാവട്ടെ.

“എന്താ മജീദ് കുറച്ച് ക്ഷീണിച്ചുപോയല്ലോ.”

ചോദിയ്ക്കാനുദ്ദേശിച്ചതിൻെറ മറുപടി ചോദിയ്ക്കുന്നതിന്നുമുമ്പേ അവൾ തന്നുകഴിഞ്ഞിരിക്കുന്നു.

“ഞാൻ ചോദിക്കാൻ പോകയായിരുന്നു.”

“എന്ത്?”

“ഞാൻ ക്ഷീണിച്ചതോ, അതോ . . . .”

“ഓ, അതു സാരമില്ല. രാത്രിയുറങ്ങാതെ കൂടുതലിരുന്നു വായിച്ചിട്ടാ.”

“അങ്ങിനെ വായിക്കാറൊന്നുമില്ല ഞാൻ.”

ഹൃദയാവർജ്ജകമായൊരു മന്ദഹാസം ചുണ്ടിൽ വിരിയിച്ചുകൊണ്ട് റീത്ത ആ സംഭാഷണത്തിന്നു വിരാമമിട്ടു.

“ഇക്കൊല്ലം എന്താണ് പ്രോഗ്രാം മജീദ്?”

റീത്തയുടെ ശബ്ദത്തിലെ ധ്വനി മനസ്സിലാകാത്തവിധം മജീദ് അവളുടെ മുഖത്തേയ്ക്കുനോക്കി.

“ക്ലാസ്സ് റെപ്രസെൻേററീവായി മത്സരിക്കുന്നില്ലേ?”

“ഓ, ഇതിന്നാണോ റീത്ത വലിയ കാര്യത്തിൽ ‘പ്രോഗ്രാം’ എന്നൊക്കെ പറഞ്ഞത്!”

“ങേ, എന്താ?”

“റെപ്രസെൻേററീവായി മത്സരിക്കുന്നതു ഇത്ര വലിയൊരു ‘പ്രോഗ്രാ’മാണോ?”

“മത്സരിക്കുന്നത് . . . . അല്ല.”

“പിന്നെ?”

“ജയിക്കുമ്പോൾ അതൊരു വലിയ ‘പ്രോഗ്രാം’ തന്നെയാവും.”

“മത്സരിച്ചാൽ ജയിക്കണം; ജയിക്കും, അപ്പോൾ അതിലെവിടെ വലിയ പുതുമ?”

“സ്പീക്കർ ഷിപ്പിന്നു മത്സരിക്കുന്നില്ലേ?”

“തീർച്ചയായും.”

“എന്നാൽ ക്ലാസ്സിൽ ഇന്നുതന്നെ പ്രൊപഗാൻറ തുടങ്ങണം.”

"ഗേൾസിന്റെ വോട്ട് റീത്ത വാങ്ങിത്തന്നാൽ മതി."

"അക്കാര്യത്തിൽ വെഷമിക്കേണ്ട. ഞങ്ങളുടെ എട്ടുവോട്ടും മജീദിനുതന്നെ കിട്ടും. സ്വവർഗ്ഗത്തിന്റെ കാര്യം മജീദ് നന്നായി നോക്കണം."

"ഓ, ദാറ്റ് ഡസ്ന്റ് മേറ്റർ. അവരിൽ നാല്പത്താറിൽ ഇരുപത്തഞ്ചും എനിക്കു സൈഡാ. നിങ്ങളുടെ എട്ടും. അപ്പോൾ ഔട്ട് ഓഫ് ഫിഫ്റ്റിഫോർ. ഐവിൽ ഗെറ്റ് തേർട്ടിത്രീ."

ഇന്നു ജൂൺ 24 ആണ്. കോളേജ് തുറന്നിട്ട് രണ്ടാഴ്ച തികയുന്നു.

ക്ലാസ്സ് പ്രതിനിധികളുടെ തിരഞ്ഞെടുപ്പു നടക്കുന്ന ദിവസമാണിന്നു. പൊതുവെ പ്രൊപഗാന്റയുടേയും ക്യാൻവാസ്സിങ്ങിന്റേയും ബഹളമാണ് കോളേജ് വരാന്തകളിൽ.

മത്സരിക്കാൻവേണ്ടി മത്സരിക്കുന്നവരും വിജയേച്ഛയോടെ മത്സരിക്കുന്നവരും തുടങ്ങി പല വിധക്കാരുമുണ്ട് സ്ഥാനാർത്ഥികളുടെ കൂട്ടത്തിൽ. പക്ഷേ മജീദിന്റെ ക്ലാസ്സിലെ സ്ഥിതി വ്യത്യസ്തമായിരുന്നു.

രണ്ടു സ്ഥാനാർത്ഥികൾ മാത്രമാണ് അവന്റെ ക്ലാസ്സിലുള്ളത്; ഒന്നു താൻതന്നെ: മറേറത് ഖാദറും. രണ്ടുപേരും ഇതരനെ തോല്പിക്കണമെന്ന വാശിയോടെയാണ് മത്സരിക്കുന്നത്.

"കുലദ്രോഹിയെ ഒററപ്പെടുത്തുക; മണിയടി വീരനെ പരാജയപ്പെടുത്തുക" എന്നീ മുദ്രാവാക്യങ്ങളുമായാണ് ഖാദറും സഹചരന്മാരും പ്രചരണം നടത്തിയത്.

മുൻബെഞ്ചിലിരിക്കുന്ന ബാലഗോപാലൻ ഖാദറിന്റെ പ്രചരണം കേട്ടപ്പോൾ ഒരിളിഭ്യച്ചിരി ചിരിച്ചു. ഹസ്സൻകുട്ടി നിർവ്വികാരനായിരുന്നതേയുള്ളൂ. പിൻബെഞ്ചുകളിൽനിന്നു ഖാദറിനു ഹർഷാരവം ലഭിച്ചു.

കുരുവിക്കൂട്ട തടവിക്കൊണ്ട് ഖാദർ പെൺകുട്ടികളുടെനേരെ ചെന്നപ്പോൾ റീത്തയും ലൈലയും അംബുജവും പരുത്ത സ്വരത്തിൽ ചോദിച്ചു:

"ആരാണ് കുലദ്രോഹി? ആരാണ് മണിയടി വീരൻ?"

അതേ ചോദ്യം ചോദിക്കാൻ തങ്ങളും ആഗ്രഹിക്കുന്നുവെന്നു മററുള്ള അഞ്ചുപെൺകുട്ടികളും മുഖഭാവത്തിലൂടെ വ്യക്തമാക്കി.

"അവനെ നിങ്ങൾക്ക് മനസ്സിലായിട്ടില്ലേ? എന്നാൽ ഇലക്ഷൻ റിസൽറ്റ് വരുമ്പോ മനസ്സിലാകും."

നാലുമണിക്ക് ക്ലാസ്സുവിട്ടപ്പോൾ തിരഞ്ഞെടുപ്പിൽ തോററ നൈരാശ്യത്തേക്കാൾ മജീദിൽ ഉൽക്കടമായത് റീത്തയെ സമീപിക്കാനുള്ള വ്യഗ്രതയാണ്.

അന്നു, കഴിഞ്ഞകൊല്ലം സൈക്കോളജി ക്ലാസ്സിൽ ബഹളമുണ്ടാക്കുന്നവരുടെ പേർ റിപ്പോർട്ട് ചെയ്യുമെന്നു പറഞ്ഞപ്പോൾ റീത്ത പറഞ്ഞിരുന്നു, അവരും അവരുടെ ശിങ്കിടികളും തനിക്കെതിരിൽ തിരിയുമെന്ന്. അപ്പറഞ്ഞത് അക്ഷരംപ്രതി ശരിയായിരുന്നു.

എങ്കിലും തന്നെ അനുകൂലിക്കുമെന്നു വിചാരിച്ചിരുന്നവരിൽ പലരും ഖാദറിന്റെ വലയത്തിലകപ്പെടുമെന്നു നിനച്ചിരുന്നില്ല. തനിക്ക് എത്ര വോട്ടാണ് കിട്ടിയത്? പ്രതീക്ഷിച്ച മുപ്പത്തിമൂന്നിൽ ഇരുപത് കുറവ്.

അന്നു, ലേഡീസ് വെയിററിംഗ്റൂമിന്റെ ഹാഫ്ഡോറിന്നടുത്തുവെച്ച് അവൾ പറഞ്ഞതോ?

—"മജീദ് ചെയ്യാൻ പോകുന്നത് വലിയ കാര്യം തന്നെയാണ് ......"

അന്നതു കേട്ടപ്പോൾ പറയാനുണ്ടായിരുന്നതു മുഴുവൻ അവൾ പറഞ്ഞിട്ടില്ലെന്നു സംശയിച്ചതേയുള്ളൂ. ഇന്നതു സംശയമല്ല; ഉറപ്പാണ്: എന്തോ ചിലതുകൂടി പറയാൻ അവൾ ആഗ്രഹിച്ചിരുന്നു. റീത്തയെ കാണണം; അന്നു പറയാൻവിട്ട പലതും പൂരിപ്പിക്കാൻ ആവശ്യപ്പെടണം.

"കണ്ടോളൻസ്, മിസ്റ്റർ മജീദ്."

ആ അനുശോചനപ്രകടനം റീത്തയല്ലാതെ മററു വല്ലവരിൽനിന്നുമായിരുന്നുവെങ്കിൽ മുഖവിലയ്ക്കെടുക്കാൻ മജീദ് തയ്യാറാകുമായിരുന്നില്ല. 'നിർവ്യാജമായ ദുഃഖം' രേഖപ്പെടുത്താനും കുററം ചെയ്തു മാപ്പുപറയാനും സുന്ദരമായ അത്തരമെത്ര പദങ്ങളുണ്ട് ഇംഗ്ലീഷുനിഘണ്ടുവിൽ?

"റീത്തയോട് ഒരു കാര്യം ചോദിക്കാനുണ്ട്. കഴിഞ്ഞകൊല്ലം ..... ഞാൻ ക്ലാസ്സിൽ ബഹളമുണ്ടാക്കുന്നവരുടെ പേർ റിപ്പോർട്ട് ചെയ്യാൻ പോകുന്നുവെന്ന വിവരം റീത്തയോട് പറഞ്ഞതോർക്കുന്നുണ്ടോ?"

"ഇന്നലെ കഴിഞ്ഞതുപോലെ ഓർക്കുന്നു."

"അന്നവസാനമായി റീത്ത പറഞ്ഞതോ?"

"അതു മജീദ് മറന്നിട്ടില്ലേ?"

"ഇല്ല; അതിനോടൊപ്പം റീത്ത പറയാൻ മടിച്ച വാക്കുകൾ കിട്ടാൻവേണ്ടി ഇന്നും ഞാനതോർക്കുന്നു. അന്നു വെയിറ്റിംഗ്റൂമിലേക്കു് കടക്കുന്നതിനുമുമ്പേ റീത്ത പറഞ്ഞു: 'മജീദ് ചെയ്യാൻപോകുന്നതു് വലിയ കാര്യംതന്നെയാണ്...' തുടർന്നെന്തോ ചിലതുകൂടി പറയാൻ റീത്ത ആഗ്രഹിച്ചിരുന്നില്ലേ? അതെന്താണെന്നു പറയൂ."

"'മജീദ് ചെയ്യാൻ പോകുന്നതു് വലിയ കാര്യം തന്നെയാണ്, പക്ഷേ അതിനു കൊടുക്കേണ്ടിവരുന്ന വില അതിലും വലിയതായിരിക്കും.' ഇതു മജീദ് അന്നേ ഊഹിച്ചിരിക്കുമെന്നാണ് ഞാൻ വിചാരിച്ചതു്."

"ഇല്ല; എനിക്കൂഹിക്കാൻ കഴിയാത്തതായിരുന്നു അതു. എങ്കിലും എനിക്കു് പരാതിയില്ല, ആ വലിയ കാര്യത്തിനു കൊടുക്കേണ്ടിവന്ന വില എത്ര ഭീമമാണെങ്കിലും. മേലിൽ 'മോറൽ കവേഡ്' എന്ന വിളി കേൾക്കേണ്ടിവരില്ലല്ലോ."

അതു പറഞ്ഞപ്പോൾ മജീദ് വികാര പരതന്ത്രനായിമാറി.

റീത്തയുടെ മുഖഭാവം പ്രകടമായ വ്യത്യാസങ്ങൾക്കു് വിധേയമായി. ആ കണ്ണുകളിൽ അവർണ്ണ്യമായൊരു തിളക്കം മിന്നിമറഞ്ഞു. മജീദിനോടു് അവാച്യമായ ആദരവുതോന്നി അവൾക്കു്.

"മജീദ്....." അന്നുവരെ തന്റെ കണ്ഠത്തിൽനിന്നു് പുറപ്പെട്ടിട്ടില്ലാത്ത ഒരു പ്രത്യേക സ്വരത്തിൽ അവൾ വിളിച്ചു.

തുടർന്നവളുടെ നാവനങ്ങിയില്ല.

മജീദ് അവളുടെ മുഖത്തേക്കുനോക്കി. എന്താണവിടെ? താൻ ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു പ്രത്യേകഭാവമല്ലേ അവിടെ നിഴലിച്ചുനില്ക്കുന്നതു്?

റീത്തയുടെ വിളിയിലടങ്ങിയിട്ടുള്ളതു് എന്താണു്? എന്താണവൾക്കു് മജീദിനോടു് പറയാനുള്ളതു്? കോളേജ്കുമാരികൾക്കിടയിലെ ആ രഹസ്യപ്രതിഭാസം മജീദിന്റെ മുമ്പിൽ ഉരുകിയൊലിക്കുകയാണോ?

# THE CITY CENTENARY

Hameed Chennamangallur, II B. A.

Beena seemed overjoyed when I told her that we could go to the city on the day of the centenary celebrations. She is a country girl, or a 'sweet stay-at-home' in Davies' language. She has very rarely been acquainted with the outside world before our marriage. After my accepting her as my life-partner she has been out of her shell and coming in touch with the extensive world. Even then had she improved so much as to understand the real face of the world?

"What's this 'centenary celebrations'?" Beena asked.

"Before knowing what it is, how would you become overjoyed?"

"I am overjoyed simply because I've got a chance to go to the city". She answered with a smile on her lips.

"Hi . . . then listen my poor girl, the city is celebrating its hundredth birthday."

"That's it? Then it'll be really delightful to go to the city on that day."

"Of course."

The Sunday's sun raised its head cheerfully on the eastern horizon. Beena was out in the bathroom when I woke up. Ho! the girl is terribly crazy over the prospect of going to the city!

"Still sleeping?" Came her voice from the verandah.

"Not yet time for me to get up Beena."

"Please look at the sun; it has gone up much."

"All right, I am getting up. Is the breakfast ready?"

"It has been ready for half an hour."

How fiercely eager Beena is to get into the city! She will be visualising the size and form of the city in her mind, now. In the previous night, dreams about the city mig have been haunting her constantly.

We started to the city at about 9

Shortly before leaving the house, Bee reminded me:

"Please don't forget to take enou money."

"No I wont. Only a note of one hundr is with me and it is in my purse."

From the tone of her voice I could eas guess what was the purpose behind h reminding me to take enough money, fo have been a husband for the last ten month

The bus carrying us 22 miles from o village to the city stopped at last at the b stand in the city.

With a curious and inquiring eye Bee stepped out of the bus. Porters looked at u finding nothing in our hands that would bri coins to them they turned back with contem tious eyes.

From the noisy crowd in the bus stand released ourselves to a network of roa Beena's eyes were flying hither and thither if they were worked by some strange mac nery. Gazing from top to toe at a sky scrap building she enquired:

"What's that building—such a huge one

"It's the biggest mosque in the city."

"Mosque! What a wonderful edifice! really big and beautiful."

The well decorated city looked like pretty young girl at her best. Waves of sw music had been echoing in the atmosphe The never ending procession of both pe strians and motor vehicles added charm to breast of the city.

"How does the city look like, Beena?" asked her tenderly.

"Like the bride who has just entered the bedroom."

"Exactly; but who is that bride?"

"Someone who is really an angel."

"Not someone but yourself my Beena. The City is now made itself up to become a Beena,"

"I don't like flattery, I always tell you." said Beena with a charming frown.

"But how can truth ever be called flattery?"

We reached the maidan where there was a vast assembly of men, women and children. Cine songs had been rising to the blue through loudspeakers. Beena looked overwhelmed on seeing a vast waving and roaring ocean of people in front of us.

"What a crowd of people!" She exclaimed.

"This is only a drop in the ocean. There are many more yet to come."

Deviating from the subject, with a specific intention, she asked:

" What's the time now? "

" Oh! it's eleven. I forgot it; we have to take a room for tonight."

"All right; then let us go; and on the way, I think, we can go to the shop."

"Shop?!"

"Ofcourse; to a textile shop."

"I see! you want to get a sari don't you?"

"Not only a sari but a blouse-piece too."

"Before going to the shop may I remind that I've only a hundred rupees with me?"

"Doesn't matter".

Withdrawing gracefully from the busy ... we proceeded to the street where stood ... line of textile shops. Beena's looks ... on every board hung on the front of ... shop. Pointing to one among the shops ...ted:

"...t us go there."

"... that one? No." She nodded.

"...y?"

"You see the next but two to that one; look at its board; how beautifully the name of the shop is written!"

"Okay." I agreed with a smile. I don't think Beena could understand the core of my smile. The young lady was judging the 'standard' of the shops from the attractiveness of the boards put in front of them. May the lady's judgment not be proved incorrect!

Strictly speaking Beena took just 22 minutes to select her sari and 18 minutes to select the blouse cloth. The cash bill contained the figure of Rs. 68.

Taking a room at a lodge (there also Beena favoured a beautiful board — all done up in black and gold) we went to the Maidan again. At that time the sun was getting weaker and weaker. The procession picturing the city through the ages came to the Maidan. The city's past was portrayed well. The modern city is a paradise where only decent personalities are dwelling, the picture claims — no beggars, no paupers, no maimed or deformed wretches.

Once again the sun reached the eastern horizon. It was time for us to return. Although Beena was reluctant to go back at that time she had to surrender in my presence. We rushed to the bus stand in the hope that we could catch the 11.30 bus. But perhaps due to some ill-omen as Beena may remark, we could not reach in time.

The next bus was at 12.50. We hopped into it and occupied one of those comfortable seats meant for loving twosomes like Beena and me.

Minutes passed very slowly. It was not much later when I concentrated my eyes on the newspaper that somebody called me in a weeping tone:

"Sir. . . ."

I looked at the figure where the noise came from. It was a lad — the ghost of a lad — taking a blind old man with him.

"Something . . . . sir." The boy demanded — yes almost demanded. I gave him a ten

paise piece and got back to the columns of the paper when Beena remarked:

"Utterly poor, aren't they?"

'Why should I disagree with her?' I thought.

A couple of minutes had not passed when another fellow came whose right leg had been lost. He carried a notice signed by two good gentlemen and true to prove that he had been deformed as a result of an accident in a circus ring.

"Please give him something." Beena said in a pleading tone.

Why should I discard her request?

He was followed by several types of beggars — eye lost, arm lost, leg lost and what else not lost. Owing to Beena's irresistible request and my own sense of charity I did not disappoint any of the poor fellows save two who did not appear to be in need of alms.

When it was 12.30 the conductor came aboard. He handed over a ticket of 2.20 to me.

I was amazed when I took the money out of my purse. It was only two rupees and five paise. To pay the fare, fifteen paise had to be added to that!! My body sweated from head to heel.

" What's the trouble with you?" My life's partner enquired.

"Fifteen paise is lacking to pay the fare. Have you got any money with you?"

"Yes I have just one rupee with me."

My breath came back to normal shortly afterwards. Somewhere I had read of a loving wife coming to the aid of her husband when for a while the world looked dark to him. When the penniless Nathaniel Hawthorne sat dismally with the manuscript of 'The Scarlet Letter' in his lap, was it not his beloved Sophia who rallied round with her home savings? Beena reminded me of Sophia.

# THE PROFESSOR'S WIFE

A. K. Kunhikoya, I M. A.

Rasheedha did not learn English.

Not that she was an illiterate. Oh no! on the contrary, of all the daughters, and he had many of them, she was the only one who could read and write — in Malayalam ofcourse. When she was young the neighbours came to her to have their letters read and written. It was only she of all the members of the family who could read the Holy Quran. And it was she who wrote letters to her uncle in Kuwait and signed all the Money Orders that came from him. But of course, all that was in Malayalam. Of English she knew not a word.

But, then she had never had the necessity to learn that funny language of the equally funny foreigners, that is, until she married Rahman. Her father Muhammed was an orthodox Muslim who had brought up his daughters in a strict manner. He had long taught the children that English was the language of the Kafirs and hence that of Hell, and even the shadow of a Kafir was enough to send them to Hell.

So naturally Rasheedha had learned no English. Of all her father's daughters Rasheedha was the youngest and the most beautiful. She was Muhammed's most cherished child. She with her blue eyes and charming smile could melt his grudge in a second — his grudge against fate which gave him several daughter and no son.

Only if Rasheedha had been a son! Muhammed would sometimes sit and ponder. Then he would have named him Rasheed and sent him to that school over the hill. But Allah had given him Rasheedha and not Rasheed, and she had made up for a son by giving him a good and worthy son-in-law like Rahman.

Rahman was a professor of English. H had a good salary. He had a big, beautifu house.

Muhammed was in every way satisfie with Rasheedha and Rahman. They made loving couple, were well-to-do, and what i more, Rahman had no parents. Not tha Rasheeda could not have got on with them but it was good for a girl of today to b married to an unattached man.

Rahman too was extremely fond o Rasheedha. She made for him a good wif and he was proud of her. She cooked well an was beautiful; he loved her. What else coul a man want? To Rahman, Rasheedha wa almost a perfect wife . . . . . . only . . . . . .

Only if Rasheedha knew English!

Rahman had not been aware of it at th beginning of their marriage. It had neve occurred to him that she ought to know Englis till that night of the dinner of the staff i honour of the retiring principal. The principal' wife was present on the occasion. All th members of the staff were present too — ma with their wives. Rahman was conscious all eyes on his beautiful bride.

All went well till the Principal's wife sa Rasheeda. Attracted by Rasheedha's innoce beauty, she expressed a desire to be introduc to that 'sweet little thing'. After the first fe 'hellos' and hand-shakes both Rasheedha a Mrs. Rangaswami were at a loss, not bei able to understand each other. Mr. and M Rangaswami belonged to Bangalore and M Rangaswami did not know Malayala Rahman was terribly embarrassed at this, a vowed there and then to teach Rashee English.

But to his chagrin, Rasheeda would hear of it. English was the language of Ka

and she would have absolutely nothing to do with it. Anyway, she would not bother to learn a new language just for the sake of a Kafir's wife, desiring to talk to her. If the Kafir's wife was so eager to talk to her, then she ought to learn Malayalam.

After days of vain persuasion, Rahman gave up the idea of teaching English to his wife.

So Rasheeda did not learn English. She was content with life. She had a loving husband and she was his only life. The fact that Rahman was displeased about her stubborn refusal to learn the language of the Kafirs never really bothered her. In fact after that night she never met the Principal's wife.

During the five years of their marriage she bore Rahman four healthy sons of whom Muhammed was very fond, which was ofcourse absolutely natural, he himself having fathered daughters and no sons.

Now, life would have gone on quite happily for the pair, had not Rasheedha one day found a letter in Rahman's pocket It was a pink, perfumed letter, written in a beautiful hand. Though she could not make any head or tail of it, she knew at once that the letter was from a woman. She tried her best to read it; but it was all Greek and Latin — or ther English to her.

She hid the letter under her clothes in the heavy trunk under the spare cot in a room, where Rahman never went. Then she sat down to do some thinking — about the letter, of course. Shahina, the neighbour's daughter was a modern college-going girl and would dly read the letter for her.

But then, it would create a scandal. All ple thought them a happy couple, and if it re to become known that Rahman was in with another woman, people would laugh her, Rasheedha, for being incapable of ding her husband.

Rasheedha had a long look in the mirror, was shocked to see herself. She was quite p and her hair which she combed with care and adorned with jasmines, looked . No wonder, Rahman was not interested in her any more. The other woman would be young, slim and beautiful — inviting as once she had been. She felt hot anger well up within her. Here she was, looking after four, fat sons and Rahman was having a wonderful time with the other woman. No, she would not tolerate it. She would find out all about the letter and the woman and then surprise Rahman to admission, shaming him to the depth and making him sorry all his life.

So, off she went to Shahina, and requested her to teach her English. Amused, Shahina tried to laugh it off, but then, on seeing that Rasheedha meant business she sighed and settled down to teach it.

While she was learning English, and not without some difficulty though, every day Rasheedha would take the letter out from the trunk, spread it before her and try deciphering it. After a month or two she was able to read only its beginning; "Dear Rahman" and it only increased her desire to learn the language of Hell sooner.

It was after eight whole months of hard work Rasheedha felt confident of reading the letter fully. So, borrowing Shahina's dictionary the use of which she had learned to make, and after all four of her sons were asleep, she took out the letter from the trunk and sat down to read it. It read thus:

"Dear Rahman, It was indeed very sweet of you to give us a parting gift. Also you were so thoughtful in choosing an album containing photographs showing the beautiful natural scenes of your State, Kerala. We shall never forget our stay in Kerala.

Thank you very much for the beautiful gift. My husband joins me in sending you his thanks.

Sincerely yours

Mrs. Rangaswami

Mrs. Rangaswami was the retired principal's wife.

Rasheedha sat with the letter in her lap, while tears of humiliation washed the ink off the letter.

# തിരിച്ചുവരവ്

കെ. ശങ്കരൻകുട്ടി, I P. D. C. P. 5. 390

വിനു ക്ലോക്കിലേക്കുതന്നെ നോക്കിനിന്നു. സൂചി ചലിക്കുന്നുണ്ടോ? അറിഞ്ഞുകൂട. പെൻഡുലം ഇളകുന്നതേ കാണാൻ കഴിയുന്നുള്ളു. അതും വളരെ പതുക്കെ ഈ സൂചികൾക്ക് വേഗം നീങ്ങിയാലെന്താണ്?

വസന്തേട്ടൻ മേശപ്പുറത്തുകയറിനിന്ന് ക്ലോക്കിന്റെ കണ്ണാടിവാതിൽ തുറന്ന് വിരലുകൊണ്ട് സൂചിതിരിക്കാറുള്ളത് വിനുവിനു ഓർമ്മവന്നു. സൂചിതിരിച്ചാൽ വേഗം നാലുമണിയാവും. നാലരയുടെ വണ്ടിക്കല്ലെ അച്ഛൻ എത്തുക.

ചൂരൽകസേര മേശപ്പുറത്തേക്ക് നീക്കിയിട്ട് കസേരയിൽ ചവിട്ടി മേശപ്പുറത്തുകയറി. കൈ പൊക്കി നോക്കിയപ്പോഴും എത്തുന്നില്ല, ഇനി എന്താണ് ചെയ്യുക?

ഇടനാഴിയിൽ കാൽപെരുമാറ്റം കേട്ടു. വസന്തേട്ടനായിരിക്കുമോ? മേശപ്പുറത്തുകയറി നില്ക്കുന്നതുകണ്ടാൽ വഴക്കുപറയും. ഇറങ്ങാൻ കസേരയിലേക്ക് കാലെത്തുന്നില്ല.

"എന്താ വിനൂ ഇത്?" — ഓ അമ്മയാണ്. അമ്മ ശാസിക്കില്ല.

"എന്തിനാ മേശപ്പുറത്ത് കയറിയത്?"

വിനു കോപത്തോടെ പറഞ്ഞു.

"അതൊ, ക്ലോക്കിന്റെ സൂചിയൊന്നുതിരിക്കാൻ"

"എന്തിനാ വിനൂ"

"സൂചിതിരിച്ചാൽ, അച്ഛൻ വേഗം വരില്ലെ?"

അമ്മ പൊട്ടിച്ചിരിച്ചു. ഓ.... അമ്മയുടെ ഒരു ചിരി. ഞാനെന്തുപറഞ്ഞാലും അമ്മക്ക് തമാശയാണ്.

വിനു മുഖം കറുപ്പിച്ചുനിന്നു. മേശക്കടുത്തു വന്നു വിനുവിനെ വാരിപ്പിടിച്ചുകൊണ്ടു അമ്മ നെററിയിൽ ചുംബിച്ചു. എന്നിട്ടു പറഞ്ഞു.

"ക്ലോക്കിന്റെ സൂചിതിരിച്ചാൽ അച്ഛൻ വരില്ല. അച്ഛൻ കേറിയിട്ടുള്ള വണ്ടി ഓടിയോടി ഇവിടെ എത്തേണ്ടെ? നമ്മുടെ ക്ലോക്കിലെ നേരത്തിനൊപ്പം വണ്ടി ഓടില്ലല്ലൊ."

അമ്മയുടെ വാദം വിനുവിനു മനസ്സിലായില്ല. അതിലെന്തോ പിശകുണ്ട്. എങ്കിലും അവൻ തർക്കിക്കാൻ നിന്നില്ല. ഈ അമ്മയോട് തർക്കിച്ച് ജയിക്കാൻ വിഷമമാണ്. അമ്മയെ കെട്ടിപ്പിടിച്ച് അവൻ മേശപ്പുറത്തുനിന്ന് ഊർന്നിറങ്ങി ഉമ്മറത്തേക്കോടാൻ ശ്രമിച്ചപ്പോൾ അമ്മ ചോദിച്ചു.

"കുട്ടനെങ്ങോട്ടാ"

"അച്ഛൻ വരുന്നുണ്ടോന്ന് നോക്കട്ടെ."

അവൻ പടിക്കലേക്കോടി. പിന്നിൽനിന്നും അമ്മ വിളിച്ചു.

"അച്ഛൻ എത്താൻ നേരമായിട്ടില്ല. ഇങ്ങു പോരൂ."

നേരമായിട്ടില്ലത്രെ. നോക്കിനോക്കിയിരിക്കുമ്പോൾ നേരമാവില്ലേ? വീണ്ടും അമ്മയുടെ വിളി:

"വിനൂ, വിനൂ...."

ഓ. ഈ അമ്മക്കിതേ ഒരു പണിയുള്ളു.

"എപ്പോഴും വിനൂ വിനൂ."

പടിവാതിലിന്റെ അഴികളിൽ പിടിച്ച് അവൻ പുറത്തേക്ക് നോക്കിനിന്നു. വയലിന്നും കവുങ്ങിൻതോട്ടത്തിനുമപ്പുറത്താണ് നിരത്ത്. വാഹനങ്ങളുടെ ഇരമ്പം കേൾക്കാം. ബസ്സുനില്ക്കുന്നുണ്ടോ? ആരെങ്കിലും വരമ്പിലൂടെ നടന്നുവരുന്നുണ്ടോ? അവൻ കണ്ണുംനട്ടുനിന്നു.

പിന്നിൽ കാൽപെരുമാറ്റം കേട്ടു. അമ്മയാണ്. "നീ ഇവിടെയാ. നിന്നെ കളിപ്പിച്ചുതരാം." അമ്മ പറഞ്ഞു.

"ഇല്ല ഞാനില്ല. അച്ഛൻ വന്നാലൊ."

"ഇല്ല മോനെ. അച്ഛൻ വൈകുന്നേരമേ വരൂ."

“വരുന്നവരെ ഞാനിവിടെനില്ക്കും.”

“വേഗംവാ. എനിക്കു വേറെ ജോലിയുണ്ടു്.” വിനുവിന്റെ കൈക്കുപിടിച്ചു് അമ്മ പറഞ്ഞു.

“അച്ഛൻ വരുമ്പോഴേക്കും കുളിച്ചൊരുങ്ങി നില്ക്കണ്ടെ?”

മനമില്ലാമനസ്സോടെ വിനു അമ്മയുടെകൂടെ വീട്ടിലേക്കുചെന്നു. എത്തിയ ഉടനെ അവൻ തിരക്കുകൂട്ടി.

“ഒന്നു വേഗം കുളിപ്പിക്കമ്മെ.”

“നീ ഇത്ര തിരക്കയൊന്നും വേണ്ട.” കുളികഴിഞ്ഞു് അമ്മ അവനെ നല്ല വസ്ത്രങ്ങൾ അണിയിച്ചു. ആ ചുരുളൻമുടികൾ ചീകിയൊതുക്കി.

പടിക്കലേക്കു് ഓടാൻ തുടങ്ങിയതാണു്. അപ്പോഴാണു് ഗീതച്ചേച്ചിയെ കണ്ടതു്. ഗീതച്ചേച്ചിയുടെ പാട്ടും കഥയും കേൾക്കാൻ ഇന്നു നേരമില്ല.

“വിനുമോനേ നീ എങ്ങോട്ടാ ഇത്ര തിരക്കിട്ടു്.”

“ഇപ്പോൾ സമയമെന്തായ് ചേച്ചി?”

“എന്താ കോളേജിൽ പോവാൻ സമയം വൈകിയോ”

“കളിയാക്കല്ലെ ചേച്ചി”

“സമയം ഒരു മണിയായിക്കാണും”

“അത്രയെ ആയൊള്ളു. ഇനിയുമുണ്ടു് അച്ഛൻ എത്താൻ സമയം കുറെ.”

“അച്ഛൻ വരുമ്പോൾ എന്തെല്ലാം കൊണ്ടു വരും വിനു മോനേ”

“എന്തുകൊണ്ടുവന്നാലും ഞാൻ ചേച്ചിക്കും തരാം”

“തീർച്ചയല്ലെ”

“ഓ. തീർച്ച”

“ആട്ടെ നീയെങ്ങോട്ടാ ഓടുന്നതു്. അച്ഛൻ വൈകുന്നേരമല്ലെ വരു. അതിനിപ്പോഴെപോയി നോക്കിനിൽക്കണൊ?”

ഗീതച്ചേച്ചി ഒതുക്കുകൾ കയറി അകത്തേക്കു് പോയി. അമ്മയെകാണാനാവും. ഗീതച്ചേച്ചിയും അമ്മയും വടക്കിനിയിൽ സംസാരിച്ചുകൊണ്ടുനില്ക്കുമ്പോഴായിരിക്കും അച്ഛൻ വന്നെത്തുക. അച്ഛന്റെ പിന്നാലെ പെട്ടികൾ തലയിൽ ചുമന്ന കൂലിക്കാർ. പെട്ടിയിൽനിറയെ സാമാനങ്ങളായിരിക്കും. ഉടുപ്പുകൾ, ചോക്കലെററുപെട്ടികൾ, മൂന്നു ചക്രമുള്ള സൈക്കിൾ സ്ക്രൂചെയ്താലോടുന്ന മോട്ടോർകാർ . . . .

പടിവാതിലിന്റെ അഴികൾ പിടിച്ചു് വിനു ഒരേനില്പിൽനിന്നു.

നിരത്തിൽനിന്നും പാടത്തേക്കിറങ്ങുന്നതാരാണു്? അച്ഛനായിരിക്കില്ല. അച്ഛൻ മുണ്ടും ഷർട്ടുമല്ല ധരിക്കുക. കാക്കികാലുറയിട്ടു് നിലത്തു് ഉറക്കെച്ചവിട്ടി അച്ഛൻ വരും. അച്ഛന്റെ കൈയിൽ തോക്കുണ്ടാകുമോ? തോക്കുകൊണ്ടാണു് അച്ഛൻ യുദ്ധംചെയ്യുന്നതെന്നല്ലെ അമ്മ പറഞ്ഞതു്!

“വിനൂ, വിനൂ” അമ്മ വീണ്ടും തുടങ്ങിയിരിക്കുന്നു. ഒരു പൊറുതിതരില്ല.

“വിനുമോൻ ഓടിവാ” അതു ഗീതച്ചേച്ചിയുടെ വകയാണു്. പൊറുതിമുട്ടിയപ്പോൾ ചോദിച്ചു.

“എന്തിനാ ഗീതച്ചേച്ചി”

“നിനക്കു് ഊണുകഴിക്കണ്ടെ?”

“അച്ഛൻ വന്നിട്ടുമതി”

“അച്ഛൻ വൈകിയിട്ടേവരു. നീ ഊണു കഴിക്കു.”

“ഞാനിപ്പോവരില്ല”

ഗീതച്ചേച്ചി അടുത്തേക്കുവന്നു.

“നിനക്കു് വിശക്കുന്നില്ലെ വിനൂ.”

“ഇന്നെനിക്കു് വിശപ്പില്ല ചേച്ചി”

“ചേച്ചിയുടെ കൂടെ വരില്ലേ ഊണുകഴിക്കാൻ. വന്നില്ലെങ്കിൽ ഞാൻ നിന്നോടു് മിണ്ടില്ല. കഥയും പറഞ്ഞുതരില്ല. പാട്ടും പാടിത്തരില്ല.”

“എനിക്കു പാട്ടും വേണ്ട. കഥയുംവേണ്ട.”

“ഞാൻ പിണങ്ങിപ്പോകും. പോയാൽ പിന്നെ വരില്ല.”

“ചേച്ചി പോകരുതു്”

“എന്നാൽ വന്നു് ഊണുകഴിക്കു.”

“ഞാൻ വരാം.”

“നില്ക്കു ചേച്ചീ. ഞാനൊന്നുകൂടി നോക്കട്ടെ”

“എന്തൊന്നു് നോക്കാനാ.”

“അച്ഛൻ വരുന്നുണ്ടോന്നു്”

“നീ ഒരു മറയനാ. നാലുമണിക്കു് വരുന്ന അച്ഛനെ ഇപ്പഴേ നോക്കിയിട്ടെന്താ കാര്യം.”

"മാധവിയമ്മേ ഇതാ വിനുവിന് ഊണ് കൊടുക്കിൻ" "വാ മോനേ. അമ്മ ചോറുവിളമ്പിയിട്ടുണ്ട്."

ഊണ് കഴിക്കുമ്പോഴും വിനു ചെവിയോർത്ത് കൊണ്ട് അങ്ങനെ ഇരുന്നു.

"എന്താ വിനൂ"

"ബസ്സിന്റെ ശബ്ദമല്ലേ കേട്ടത്. അച്ഛനുണ്ടാവും അതിൽ"

വിനു കൈകുടഞ്ഞെഴുന്നേറ്റു. "കുറച്ചുകൂടി കഴിക്കൂ വിനൂ"

"എനിക്കിനി ഒട്ടും വേണ്ട"

"എന്നാൽ കൈ കഴുക."

കൈ കഴുകി വിനു വീണ്ടും ഗേറ്റിലേക്കോടി. അവൻ ദൂരേക്ക് നോക്കിനിന്നു. തെരുവിലൂടെ നീങ്ങിപ്പോവുന്ന ബസ്സിന്റെ ഇരമ്പം അവൻ കേട്ടു. അച്ഛൻ ആ ബസ്സിൽ വന്നിറങ്ങിയിരിക്കുമൊ?

തലയിൽ ചുമടെടുത്ത ആരോ നിരത്തിൽ നിന്നും പാടത്തേക്കിറങ്ങി. അച്ഛന്റെ പെട്ടികൾ ചുമന്ന കൂലിക്കാരനാണൊ? മനസ്സ് തുടിച്ചു. പടികടന്ന് മൂവാണ്ടൻ മാവിന്റെ ചുവട്ടിലേക്കോടിച്ചെന്നുനിന്നു. അല്ല. അച്ഛനല്ല. ഓട്ടുപാത്രങ്ങൾ വില്ക്കുന്ന കൊച്ചുതൊണ്ണിയാണ്. അയാൾക്ക് ചുമടെടുത്ത് വരാൻ കണ്ടനേരം! വിനു നിരാശയോടെ മടങ്ങി.

നിരത്തിൽനിന്നിറങ്ങി വരമ്പിലൂടെവരുന്ന ഓരോരുത്തരേയും വിനു ശ്രദ്ധിച്ചു.

ആദ്യം കാക്കിയുടുപ്പണിഞ്ഞ ശിപായിയാണ് പോയത്. പിന്നെ ചുമട്ടുകാരൻ വേലാണ്ടി. ഉദാസീനതയോടെ നോക്കിനില്ക്കുമ്പോഴാണ് കാലില്ലാത്ത ഗോസായിവരുന്നത് കണ്ടത്. കക്ഷത്ത് ഇടുക്കിപ്പിടിച്ച വടികളിൽ ഊന്നി ചാടിച്ചാടി നടന്നുവരുന്ന ഗോസായിയെ വിനു നോക്കിനിന്നു. പാവം ഭിക്ഷക്ക് വരികയാവും. അച്ഛൻ വന്നിട്ടുണ്ടെങ്കിൽ വല്ലതുംവാങ്ങി കൊടുക്കാമായിരുന്നു.

ഗോസായി അടുത്തെത്തിയപ്പോഴാണ് ഭയം തോന്നിയത്. വലത്തെ കൈപ്പത്തി മുറിഞ്ഞുപോയിരിക്കുന്നു. ഊന്നുവടി കൈത്തണ്ടകൊണ്ട് താങ്ങിപ്പിടിച്ചാണ് നടക്കുന്നത്. മുഖത്തേക്കുനോക്കാൻ വയ്യ. കത്തിക്കരിഞ്ഞ മുഖത്ത് മൂക്കിന്റെ സ്ഥാനത്ത് ഒരു വലിയ കുഴിയേയുള്ളൂ. ഭീതിയോടെ പിന്തിരിഞ്ഞോടാൻ തുടങ്ങിയപ്പോൾ അയാൾ വിളിച്ചു.

"വിനൂ……"

ഉമ്മറം ഓടിക്കയറുമ്പോൾ വിനു പിന്തിരിഞ്ഞുനോക്കി. അയാൾ നേരെ വീട്ടിലേക്കാണ് വരുന്നത്. അവൻ ഉറക്കെ നിലവിളിച്ചു.

"അമ്മേ …. അമ്മേ."